THE

PICTORIAL LIFE OF

ST. FRANCIS XAVIER

BY

The Rev. Fr. Schurhammer S. J.

TRANSLATED INTO MALAYALAM

BY

The Rev. Fr. C. K. Mattam,

വിശുദ്ധ ശവേരിയാർ

മറത്തിൽ കുയ്യൻ കത്തനാർ

ഭാഷാന്തരം ചെയ്തു

First Edition, 2,000 Copies

S. T. P. SOCIETY

KORAVILANGAD

TRAVANCORE

1923.

(Price as. 5)

CENSOR DEPUTATUS

NIHIL OBSTAT

Bishop's House
6th Oct. '23.

Fr. James Calachery
Ph. D. ; D. D.

IMPRIMATUR

Changanacherry
8. 10. '23.

Mgr. J. Kallarakal
V. G.

ചി.ഉ.ക

വിശുദ്ധ ശവരിയാർ

മാതൃകായുവാവു, പരിത്യാഗപരമകാഷ്ഠ, യേശുക്രിസ്തു,
മനുഷ്യജന്മം, നസ്രേത്തിലെ യോഗി, തടവു
കാരായ സ്നേഹിതന്മാർ മുതലായ
ഗ്രന്ഥങ്ങളുടെ കർത്താവായ

ദിവ്യശ്രീ മറവത്തിൽ കുയ്യൻ കത്തനാർ

ഭാഷാന്തരപ്പെടുത്തിയത്.

CHANGANACHERRY

BHARAMARAM COLLEGE LIBRARY, BANGALORE. 1327

പകർപ്പവകാശം

കുറവിലങ്ങാട്ട്

മാത്തമ്മാ പ്രസിദ്ധീകരണസംഘത്തിനു്

കാപ്പി 2,000

വില അണ അഞ്ചു്

KOTTAYAM
PRINTED AT THE C. M. S. PRESS
1923

മുഖവുര

ശവരിയാർ പുണ്യവാൻ കേരളീയർക്കു കേവലം അജ്ഞാതനല്ല. ഇദ്ദേഹത്തിന്റെ തിരുശരീരപ്രദർശനത്തോടെ, ഭാരതത്തിലെന്നല്ല ഭൂലോകമൊട്ടുക്കു തന്നെ ഈ സിദ്ധനെപ്പറ്റി കൂടുതലായി അറിയുന്നതിനു ഒരുൽക്കണ്ഠ ജനിച്ചിട്ടുണ്ട്.

പുണ്യവാന്റെ പ്രവൃത്തികളേയും പ്രസംഗങ്ങളേയും എഴുത്തുകളേയും പരാമർശിച്ചു അസംഖ്യം കൃതികൾ രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും വേദപ്രചാരവൃത്തിയിൽ ഇദ്ദേഹത്തിനു ലഭിച്ച അനിതരസാധാരണമായ വിജയരഹസ്യത്തെ മുന്നിറുത്തി എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ തുലോം ഒർല്ലഭമാണു. ഈ ന്യൂനതയെ പരിഹരിക്കുന്നതിനു പര്യാപ്തമായ ഒരു കൃതി മലയാളഭാഷയിൽ ഉണ്ടായാൽ, വേദപ്രചാരത്തിനു അതൊരുത്തമമായ മാർഗ്ഗമായിരിക്കുമല്ലൊ എന്നു ഈ എഴുത്തുകാരൻ പലപ്പോഴും വിചാരിച്ചിട്ടുള്ളതാകുന്നു.

ഇങ്ങനെ ഇരിക്കയാലാണു സുപ്രസിദ്ധനായ ജഗനാഥപിള്ള കെ. എസ്സ്. ജി. അവർകൾ ഒരു കത്തോടുകൂടി ഫാദർ ഷെർഹാമർ എസ്സ്. ജെ. അവർകൾ നവീനമായി എഴുതിയ "ശവരിയാർചരിത്രം" എനിക്കു അയച്ചുതന്നതു. പുസ്തകം വായിച്ചുതീർന്നപ്പോഴെ എന്റെ ആഗ്രഹാനുസൃതമായ ഒരു കൃതി വിരചിതമായതിൽ സന്തോഷിക്കയും അതുടനെ തന്നെ മലയാളഭാഷയിലേക്കു പരിഭാഷപ്പെടുത്തുവാനുള്ള ഉത്സാഹമാരംഭിക്കയും ചെയ്തു. വേണ്ടപ്പെട്ട അനുമതികൾക്കായി മിസ്റ്റർ പി.ജെക്കും തൃച്ചിനാപ്പള്ളിയിലെ ഫാദേഴ്സ്സിനും എഴുതുകയുണ്ടായി. പക്ഷെ ഫാദർ ഷേർഹാമറിന്റെ അധിവാസം എവിടെയാണെന്നു ഒരുത്തർക്കും നിശ്ചയമില്ലാത്തതായി മറുപടി കിട്ടുകയാൽ ഇച്ഛാഭംഗത്തോടെ ഇരിക്കുകയിൽ ഒരു ദിവസം ജർമ്മനിയിൽ നിന്നും ഒരു കത്തും ഒരു ബങ്കിയും എന്റെ മേൽവിലാസത്തിൽ വന്നുചേർന്നു. പൊട്ടിച്ചതിൽ രണ്ടും ഫാദർ ഷേർഹാമർ അയച്ചതാണെന്നു മനസ്സിലായി.

പ്രസ്തുതപുസ്തകം ഞാൻ മലയാളഭാഷയിലേക്കു പരിഭാഷപ്പെടുത്തണമെന്നും, ഹൻഡ്സ്-ൽ അച്ചടിപ്പിച്ചുകൊള്ളാമെന്നു സമ്മതിക്കുന്നപക്ഷം മലയാളപരിഭാഷക്കു അവശ്യമായ അവകാശങ്ങളെ സ്വായത്തമായി എന്റെ പേക്കു വിട്ടുതരുവാൻ ഒരുക്കമാണെന്നും അദ്ദേഹം എഴുത്തിൽ പറഞ്ഞിരുന്നു. അതനുസരിച്ചു ഉടനെതന്നെ ജോലി ആരംഭിക്കയും ചെയ്തു. "മാർത്താണ്ഡവർമ്മമഹാരാജാവും ശവരിയാരും" എന്ന അദ്ധ്യായവും പരിശിഷ്ടത്തിൽ ഏതാനും ഭാഗവും വിശേഷാൽ ഞാൻ ചേർത്തിട്ടുള്ളതാണ്.

ജർമ്മൻഭാഷയിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തപ്പെട്ട പ്രസ്തുതപുസ്തകം പല യൂറോപ്യൻഭാഷകളിലും പരിഭാഷപ്പെടുത്തപ്പെട്ടിട്ടുള്ളതിനു പുറമെ തമിഴിലും അച്ചടിച്ചുകഴിഞ്ഞിട്ടുണ്ട്.

വിശുദ്ധ ശവരിയാർപുണ്യവാന്റെ പ്രിയപ്പെട്ട പരവജാതിയുടെ ഒന്നാമത്തെ മെത്രാനും എന്റെ സഹപാഠി ഫാദർ ഗസ്റ്റൂർ അവർകളുടെ സഹോദരനും മൂലകൃതിയുടെ തമിഴ് പരിഭാഷകനും ആയ മൊൺസിഞ്ഞോർ റോച്ച് അവർകൾക്ക എന്റെ ഈ പ്രയത്നഫലത്തെ സമർപ്പിക്കുവാൻ സാധിച്ചതിൽ എനിക്ക അനല്പമായ ചാരിതാർത്ഥ്യമുണ്ട്.

പരിഭാഷക്ക വേണ്ട എല്ലാ അനുമതികളും നല്കിയ ഫാദർ ഷേർഹാമ്മർ അവർകളോടും (Fr. Schurhammer S. J.) ബ്ലോക്കുകൾ തക്കസമയത്തു കിട്ടത്തക്കവണ്ണം ഏർപ്പാടുചെയ്തുതന്ന ഫാദർ പ്ലാൻച്ചാഡ് അവർകളോടും (Very Rev. Planchard S. J.) ഞാൻ കടപ്പെട്ടിട്ടുള്ള സംഗതി കൃതജ്ഞതാപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

മാൻവെട്ടം
1-12-'23.

മറവത്തിൽ കുഴ്ൻകത്തനാർ
(പരിഭാഷകൻ)

സമർപ്പണം

ശവർിയാർ പുണ്യവാന്റെ

ഭാരതസന്താനവല്ലിയിൽനിന്നും

ഇടംപ്രഥമമായി മെത്രാൻ പദത്തിലേയ്ക്ക് ഉയർത്തപ്പെട്ട

നിതാന്ത വന്ദ്യ ദിവ്യ ശ്രീമാൻ

ഫ്രാൻസിസ് ടിബ്യർഷിയസ് റോച്ച് വിക്ടോറിയാ

എസ്. ജെ ; ഡി. ഡി.

തിരുമനസ്സിലെ

മഹനീയങ്ങളായ കരാരവിന്ദങ്ങളിൽ

അവിടത്തെ ശ്രേഷ്ഠപിതാവിന്റെ ജീവചരിത്രകൃതിയുടെ

ഈ മലയാള പരിഭാഷയെ


സ്നേഹബഹുമാനപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

സി. കെ. മാറാം

വിഷയവിവരണം

അദ്ധ്യായം.		പുറം.
1.	ബാല്യവും യൌവ്വനവും (1500—1525) . . .	1
2.	മാനസാന്തരം (1533).	3
3.	വാശാനങ്ങൾ (1534).	5
4.	തീർത്ഥാടനം (1536).	7
5.	മാപ്പുപ്പായുടെ കല്പന (1540).	9
6.	വേർപാട് (1541).	11
7.	ശവരിയാരും മഹമ്മദീയനും.	13
8.	ഗോവായിലെ ബാലന്മാരുടെ ഇടയിൽ.	15
9.	പരവജാതിയുടെ ശ്ലീഹാ.	17
10.	ബ്രാഹ്മണരുടെ ഇടയിൽ.	19
11.	വലിയ കൊയിത്തു്.	21
12.	പരിശുദ്ധനും പാപിയും.	23
13.	ശവരിയാരും മാത്താണ്ഡവർമ്മമഹാരാജാവും. . . .	24
14.	നിശാപ്രാർത്ഥനകൾ.	27
15.	അംബോയിനായിൽ.	29
16.	കഴുങ്ങുകിട്ടിയ മുണ്ടപ്പെട്ട രൂപം.	31
17.	നരഭക്ഷകരുടെ ഇടയിൽ.	33
18.	ടെർനേറ്റുദ്വീപിന്റെ തീരത്തു്.	35
19.	മോറോ ദ്വീപിൽ.	37
20.	അക്കിൽ എന്നിടത്തുവെച്ചുണ്ടായ വിജയം. . . .	39
21.	ജപ്പാനിൽ.	41
22.	ശവരിയാരും നിൻക്കിൻ എന്ന പണ്ഡിതനും. . . .	43
23.	മിയാക്കോയോട്ടു് യാത്ര പറയുന്നതു്.	45
24.	പൂനായിലെ രാജധാനിയിൽ.	47
25.	ശവരിയാരിന്റെ മരണം.	49
26.	പരിശിഷ്ടം.	51


M. SCHOLASTICATE
CHETNIPUZHA



ബാല്യനായ ശവരിയാരോട് യാത്ര പറഞ്ഞുംവച്ച സഹോദരന്മാർ സ്വ
ദേശത്തിനും സ്വരാജ്യത്തിനുംവേണ്ടി യുദ്ധംചെയ്യാൻ പോകുന്നതു്.

വിശുദ്ധ ശവരിയാർ

ഒന്നാം അദ്ധ്യായം

ബാല്യവും യൗവനവും

1506—1525

നവാറാ എന്ന സ്ഥലത്ത് ശവരിയാർമന്ദിരം എന്ന അഭിധാനത്തിൽ ഒരു മഹത്സൗധം സ്ഥിതി ചെയ്യുന്നുണ്ട്. ഇതിലാണ് എട്ടാന്നു ഏപ്രിൽ മാസം ൭ാം നു—, ഇൻഡ്യയുടേയും ജപ്പാൻ രാജ്യത്തിന്റേയും ഭവിഷ്യപ്രേഷിതൻ ഭൂജാതനായത്.

ഇദ്ദേഹത്തിന്റെ പിതാവ്, നവാറിലെ രാജാവായ ജോൺ തൃതീയന്റെ പ്രധാനാലോചനക്കാരനും, മാതാവായ ഡോന്നാ മറിയം ഡസ്പിൻകോടാ, ആ രാജ്യത്തെ ഒന്നാമത്തെ പ്രഭുകുടുംബത്തിൽപ്പെട്ട ഒരു മഹതിയും ആയിരുന്നു. ൦രും ദംപതിമാരുടെ ആറു സന്താനങ്ങളിൽ ഏറ്റവും ഇളയവനായിരുന്ന നമ്മുടെ കഥാനായകനായ ഫ്രാൻസിസ്, സ്പെയിൻകാർ നവാർരാജ്യത്തെ കൈവശപ്പെടുത്തിയപ്പോൾ൦ ശവരിയാക്കു ആറു വയസ്സു മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു. പിന്നീട് മൂന്നു വഷ്ംകൂടി കഴിഞ്ഞപ്പോ൦ നമ്മുടെ ബാലന്റെ പിതാവ് ചരമഗതിയെ പ്രാപിച്ചു. താമസിയാതെ യുദ്ധം വീണ്ടും ആരംഭിക്കയാൽ രാജാവിനും രാജ്യത്തിനും വേണ്ടി യുദ്ധംചെയ്യുന്നതിനായി സീമന്തസഹോദരന്മാർ രണ്ടുപേരും ഇദ്ദേഹത്തെ വിട്ടുപിരിയുന്നതിനിടയായി. എന്തെന്നാൽ ദൈവത്തോടും തിരുസഭയോടും ഉള്ള ഭക്തിപോലെ തന്നെ സ്വകുടുംബത്തോടും മാതൃഭൂമിയോടുമുള്ള സ്നേഹം പരാക്രമശാലികളുടെ പ്രത്യേക ലക്ഷണമാണല്ലോ. പക്ഷേ യുദ്ധത്തിന്റെ പര്യവസാനം സമുദ്രത്തിലെ തിരമാലകളെപ്പോലെ അനിശ്ചിതമാണ്. നവാറിലെ ജനങ്ങ൦ ഫ്രാൻസുകാരോടുകൂടി സഖ്യപ്പെട്ടെങ്കിലും യുദ്ധത്തിൽ പരാജിതരാവുകയാണ് ചെയ്തു. തന്നിമിത്തം സ്പെയിൻകാർ നവാറായെ അവരുടെ രാജ്യത്തിന്റെ ഒരു അംശം ആക്കിക്കളഞ്ഞു. ൦രും യുദ്ധത്തിനിടയ്ക്ക് ഫ്രാൻസിൽ ഇടത്തുട്ടുകാരുടെ ഉപദ്രവം അതികലശലായിരുന്നു. വാളും തീയും കൊണ്ട് ഫ്രാൻസുരാജ്യത്തെ നശിപ്പിക്കുന്നതിന് അവർ കച്ചകെട്ടുകയായിരുന്നു. നവാറാക്കാക്ക് യുദ്ധത്തിൽ സംഭവിച്ച പരാജയം ൦രും നൂതന ശത്രുവിന്റെ ആക്രമണത്തിൽ നിന്നും രക്ഷപെടുന്നതിനുള്ള മാർഗ്ഗമായി തീർന്നു എന്ന് പറയേണ്ടതില്ലല്ലോ.

പട്ടാളജീവിതത്തിലേക്ക് ഫ്രാൻസീസിന്റെ ശ്രദ്ധയെ ആകഷിക്കുന്നതിന് അയാളുടെ സഹോദരന്മാരായ ജോണും, മൈക്കളും ശ്രമിക്കാതിരുന്നില്ല. പക്ഷേ അദ്ദേഹം വേറൊരാദർശത്തെ അനുഗമിക്കുനിമിത്തം അവരുടെ ശ്രമം വിഫലമാകയാണ് ചെയ്തത്. യുദ്ധത്തിൽ ജയം സംശയഗ്രസ്തമായിരിക്കെ പഠനത്തിൽ ജയം സുനിശ്ചയമാണല്ലോ. ഈ സ്ഥിതിക്ക് ജ്ഞാനത്തിന്റെ രത്നങ്ങളെ കരസ്ഥമാക്കുന്നതിനും തൻമൂലം ധനസമ്പത്തിയുടെയും ബഹുമാനത്തിന്റെയും സോപാനത്തിൽ കയറുന്നതിനും അദ്ദേഹം തീച്ചപ്പെടുത്തി.

ഇങ്ങനെ കരുതിയാണ് വസന്തകാലത്തെ ഒരു പ്രഭാതത്തിൽ മാതാപിതാക്കന്മാരോടു യാത്രയുംപറഞ്ഞ്, ഫ്രാൻസിസ്, വടക്കൻകുന്നുകളെ ലാക്കാക്കി പുറപ്പെട്ടു. നിർദ്ദിഷ്ടസ്ഥലം പാരീസു സർവ്വകലാശാലയായിരുന്നു.



യുവാവായ ശവരിയാർ പാരിസ് കലാശാലയിലെ പ്രൊഫസർസ്ഥാനത്തിൽ ആരോഹിതനാവുകയും, വിശ്രുതനായ ഇഗ്നോഷ്യസ് ലൊയോലായെ അനുഗമിക്കുവാനുറയ്ക്കുകയും ചെയ്യുന്നു.

രണ്ടാം അദ്ധ്യായം

മാനസാന്തരം

1533

യുവജനഹൃദയങ്ങൾക്ക് ദിവിധ നിധികളുണ്ട്; ഒന്നു ഹൃദയശുദ്ധിയും മറ്റതു് ദൈവഭയവും. ഒരു ദിവിധനിധികളാവട്ടെ വിഷമയങ്ങളും അനസ്യൂതങ്ങളുമായ ദിവിധശത്രുക്കളുടെ ആക്രമണങ്ങൾക്ക് വിധേയങ്ങളായിട്ടാണ് ഇരിക്കുന്നതു്. ഇവർ നിരീശ്വരോപാദ്ധ്യായനും അശ്രദ്ധ സഖാവുമാണ്.

പാരിസ് കലാശാലയിൽവെച്ച് ഒരു രണ്ടു ശത്രുക്കളുംകൂടി ശവരിയാരെ പാപഗർത്തത്തിലേക്ക് ആകഷിക്കുന്നതിന് ദഗിരഥപ്രയത്നംചെയ്തുയുണ്ടായി. നിരീശ്വരനായ ഉപാദ്ധ്യായനോ മൃതനാവുകയും ഒരുത്തമാദ്ധ്യാപകനാൽ അനുഗമിക്കപ്പെട്ടുകയും ചെയ്തു. ശവരിയാരോടൊന്നിച്ചു് മുറിയിൽ താമസിക്കുവാനായി, ശ്രദ്ധഹൃദയത്തോടുകൂടിയ ഒരു നൂതന സ്നേഹിതനും വന്നുകൂടി. ഒരു സ്നേഹിതനാണ് പിന്നീട അനുഗ്രഹീതനായ പീറർ ഫേബർ. ഇവരുടെ സമ്മാതൃകകയും വിശ്രദ്ധിയുടെ മാഗ്രത്തിലൂടെ ഗമിക്കുന്നതിന് ശവരിയാക്കു ശക്തി നല്കി.

എങ്കിലും മാഗ്രം സംപൂർണ്ണമായ വിധത്തിൽ തമോരഹിതമായിരുന്നില്ല. വഞ്ചകദ്രവ്യങ്ങളുടെ പ്രകാശം ഫ്രാൻസിസിനെ നാശമാഗ്രത്തിലേക്കു വഴികാട്ടിക്കൊണ്ടിരുന്നു. ഇടത്തുട്ടുകാരായ കൂട്ടുകാർ, അയാളുടെ വിശ്വാസത്തെ നാശപ്രായമാക്കുന്നതിനു ശ്രമിച്ചു. അപ്രകാരം തന്നെ ബഹുമാനവും ധനവും സമ്പാദിക്കുന്നതിനുള്ള തീക്ഷ്ണമായ ശ്രമത്തിൽ മനുഷ്യജീവിതത്തിന്റെ പ്രധാനമായ ഉദ്ദേശ്യം, ആത്മാവിന്റെ രക്ഷ, ഇവ വിസ്മൃതിയിൽ പെട്ടുപോകുന്നോയെന്നു തോന്നി.

എന്നാൽ ശവരിയാരുടെ സഹായത്തിനായി, ഒരു സംരക്ഷകദൂതനെ ദൈവം അയക്കാതിരുന്നില്ല. നവാറായിലെ യുദ്ധത്തിൽ പ്രശോഭിച്ച് ബിരുദ സമ്പാദിച്ച ഒരു സേനാനായകനാണ് ഇഗ്നേഷ്യസ് ലൊയോളാ. ദീനശയ്യയിൽ നിന്നും ക്രിസ്തുവിന്റെ പട്ടാളത്തിലെ ഒരംഗമായിട്ട് യേശു അയാളെ വിളിച്ചുകഴിഞ്ഞു. ക്രിസ്തുവിനുവേണ്ടി യുദ്ധം ചെയ്യുന്നതിനും സഖാക്കളെ തിരഞ്ഞെടുക്കുന്നതിനും കലാശാലാബിരുദംകൂടി സമ്പാദിക്കുന്നതിനും ആയിട്ട അദ്ദേഹം ഇപ്പോൾ പാരീസിൽ എത്തിയിരിക്കയാണു. ഈ സമയത്തു് ഫ്രാൻസിസ് എം. എ. പരീക്ഷയിൽ ബഹുമാനപൂർവ്വം വിജയം നേടിയശേഷം പ്രൊഫസറുദ്യോഗത്തിൽ പ്രവേശിച്ചിരിക്കയായിരുന്നു.

യുവാവായ ഫ്രാൻസിസിന്റെ ഹൃദയാന്തർഭാഗം, മായയുടെ ആകഷ്ണങ്ങളാൽ ആക്രമിക്കപ്പെട്ടുന്നതു കണ്ടുകൊണ്ട് 'ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ ഫലമെന്തു?' എന്നു് ഇഗ്നേഷ്യസ് കൂടെക്കൂടെ ചോദിച്ചുവന്നു. ഫ്രാൻസിസിനെ മാനസാന്തരപ്പെടുത്തുവാൻ ഇഗ്നേഷ്യസ് പലേ ശ്രമങ്ങളും ചെയ്തിട്ടുണ്ട്. പ്രധാനമായി ദൈവത്തോടു പ്രാർത്ഥിക്കയും നോമ്പ് നോല്ക്കുകയും ചെയ്തതിനും പുറമെ ഫ്രാൻസിസിന്റെ ക്ലാസിൽ ഇരുന്നു് പ്രസംഗം കേൾക്കുകൂടിയും ചെയ്തിട്ടുണ്ടത്രേ. ഫ്രാൻസിസ് ആദ്യമാദ്യം ഒരുദ്ദ



"മോൺമാർട്ടർ" എന്ന പള്ളിയിൽവച്ചു പിറേർ ഫേബറച്ചൻ പൂജ അണയ്ക്കുകയിൽ വിശ്വാസികൾപ്പെടെ ഏഴുപേർ മുട്ടുകുത്തി നില്ക്കുന്നതും ഈശോസഭയിൽ ചേർന്നു പറഞ്ഞൊപ്പു ചെയ്യുന്നതും.

ശപ്രേരണങ്ങൾക്ക് ഹാസ്യസൂചകങ്ങളായ മറുപടികളാണ് പറഞ്ഞത്. എ
ങ്കിലും കാലക്രമേണ ഗുരു സിദ്ധന്റെ വാക്യം മനസ്സിൽ പതിയുകയും അതി
ന്റെ ഓമ്മ അയാളുടെ ഹൃദയസമാധാനത്തെ ഭഞ്ജിക്കുകയും ചെയ്തുതുടങ്ങി. അ
ദ്ദേഹം പ്രാർത്ഥിച്ചു. പിന്നെയും പ്രാർത്ഥിച്ചു. ഒടുവിൽ 'ദൈവവിളി' അനുസ
രിച്ചു പ്രവർത്തിക്കുന്നതിനുള്ള അനുഗ്രഹം ശവതിയാക്ക് സിദ്ധിക്കുകയുംചെയ്തു.

മൂന്നാം അദ്ധ്യായം

വാഗ്ദാനങ്ങൾ

1534

ഒരു യുവാവ് നമ്മുടെ ദിവ്യരക്ഷകന്റെ പക്കൽ ചെന്നുകൊണ്ട് പറ
ഞ്ഞു:— 'എന്റെ ചെറുപ്പം മുതൽക്ക് എല്ലാ പ്രമാണങ്ങളേയും ഞാൻ കാത്തു.
ഇനി വല്ലതും ഞാൻ ചെയ്യേണ്ടതായിട്ടുണ്ടോ?' ഈശോ അരുൾചെയ്തു. പൂ
ർണ്ണതയേ പ്രാപിപ്പാൻ നീ ആഗ്രഹിക്കുന്നെങ്കിൽ നീ പോയി നിനക്കുള്ളവ
യെല്ലാം വിറ്റു ഭിക്ഷക്കാക്ക് കൊടുത്തുംവച്ച് വന്ന് എന്നെ അനുഗമിക്കുക.'
ചെറുപ്പക്കാരനാവട്ടെ പിറകുതിരിഞ്ഞു വ്യസനത്തോടെ പൊയ്കളഞ്ഞു.
പ്രത്യുത, ഫ്രാൻസിസ് സന്തോഷഹൃദയത്തോടുകൂടെ ക്രിസ്തുവിന്റെ ക്ഷ
ണം സ്വീകരിച്ചുകൊണ്ട് കർത്താവിന്റെ പിന്നാലെ പുറപ്പെട്ടു.

ഇഗ്നേഷ്യസിന് ഗുരു ഇടകൊണ്ട് പേറെ അഞ്ചു ശിഷ്യന്മാരെക്കൂടി ല
ഭിച്ചിട്ടുണ്ടായിരുന്നു. ഇങ്ങനെ പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോ
ഹണത്തിരുനാളിൽ ഏഴു സഖാക്കളുംകൂടി അവരുടെ നാഥനായ യേശുവിനെ
ആജീവനാന്തം പരിചരിച്ചുകൊള്ളാമെന്ന് സസന്തോഷം പ്രതിജ്ഞചെയ്തു.

പാരീസിന്റെ പടിവാതുക്കൽ "രക്തസാക്ഷികളുടെ കുന്ന്" എന്നുകൂടി
പേരുള്ള മോൺമാർട്ടിറിൽ ഒരു ചെറിയ ദേവാലയം സ്ഥിതിചെയ്യുന്നുണ്ട്.
നിശ്ചിതദിവസം ഏഴുപേരും ഒരു ദേവാലയത്തിൽ ഒന്നിച്ചുകൂടി. ഇവരുടെ
കൂട്ടത്തിൽ വൈദികനായി പീറ്റർ ഫേബർ എന്നൊരാൾ മാത്രമേ ഉണ്ടായിരു
ന്നുള്ളൂ. അതിനാൽ അദ്ദേഹമാണ് പൂജ അർപ്പിച്ചതു.

കുർബ്ബാന കൈക്കൊള്ളുന്നാടിനു മുമ്പായി യേശുനാഥന്റെ തിരുശരീരം
അർഷിക്കുകരങ്ങളിൽ വഹിച്ചുകൊണ്ട് ഫാദർ ഫേബർ സ്നേഹിതന്മാർക്കഭിമു
ഖമായി നിന്നു. അവരോരോരുത്തരും പിന്നീട് അല്പനേരം 'പറഞ്ഞാപ്പു' വ
ചനങ്ങൾ സന്തോഷപൂരസ്സരം ഉച്ചരിക്കയുണ്ടായി.

ദാരിദ്ര്യത്തിലും ബ്രഹ്മചര്യത്തിലും യേശുവിനെ അനുഗമിച്ചുകൊള്ളാമെ
ന്നും പഠനശേഷം പുണ്യസ്ഥലങ്ങളിലേക്ക് തീർത്ഥാടനം കഴിക്കാമെന്നും, അ
വർ പരസ്യമായി പ്രതിജ്ഞ ചെയ്തു. ഒരു തീർത്ഥയാത്ര വല്ല കാരണവശാലും
ഒരു കൊല്ലത്തിനകം സാധിക്കാതെ വരുന്ന പക്ഷം, ആത്മാക്കളുടെ രക്ഷയ്ക്കാ
യി വേല ചെയ്യുന്നതിന് സന്നദ്ധരായിക്കൊണ്ട് പൂർണ്ണമായി മാപ്പാപ്പായിക്ക്
അധീനപ്പെടുന്നതിന് അവർ നിശ്ചയിച്ചു. തദനന്തരം അവരുടെ പ്രതിജ്ഞ
യെ പ്രബലപ്പെടുത്തുവാൻ വേണ്ടി ഭക്തിപൂർവ്വം മ്ശിഹായുടെ തിരുശരീര
ത്തെ ഉൾക്കൊള്ളുകയും ചെയ്തു. ഈ ദിവസമാണ് സുപ്രസിദ്ധമായ 'ഈ
ശോസഭയുടെ' ജന്മ നക്ഷത്രം.



വിശുദ്ധനും സഖാക്കളും കൂടി ഓർശ്ലേമിലേയ്ക്കു തിർത്ഥയാത്ര ചെയ്യാനായി കപ്പൽ കയറുന്നതിന് പാരിസിൽനിന്നും കാൽനടയായി വേനീസിലേക്കു പോകുന്നതു്.

നാലാം അദ്ധ്യായം.

തീർത്ഥാടനം


1526.

ംരംശോസഭയ്ക്ക് മൂന്ന് വിദ്യാർത്ഥികളേ കൂടി ലഭിച്ചു. സ്മരണാർഹമായ വാശ്ശാനദിവസം കഴിഞ്ഞ് രണ്ടു വർഷങ്ങൾക്കു ശേഷം ശവരിയാരും സ്നേഹിതന്മാരുംകൂടി പ്രതിജ്ഞചെയ്യപ്പെട്ടിരുന്ന തീർത്ഥാടനത്തിനായി പുറപ്പെട്ടു. ഇഗ്നേഷ്യസ് അവരെ പ്രതീക്ഷിച്ചുകൊണ്ട് വെനീസിൽ താമസിച്ചു. എന്തെന്നാൽ പുണ്യസ്ഥലത്തേക്കു കയറുന്നതിനുള്ള തുറമുഖം അതായിരുന്നു.

ഒമ്പതു സ്നേഹിതന്മാരും പാരീസിൽനിന്നും വെനീസിലേക്കു യാത്ര തിരിച്ചു. അവരുടെ വേഷം പാരീസിയൻ വിദ്യാർത്ഥികളുടേതായിരുന്നു. അവരുടെ മാറാപ്പിൽ വേദപുസ്തകവും, പ്രാർത്ഥനപ്പുസ്തകവും, കഴുത്തിൽ ജപമാലയും ഉണ്ടായിരുന്നു. മാഗ്രമദ്ധ്യേ ജർമ്മനിയും സ്വിറ്റ്സർലണ്ടും കടക്കേണ്ടതായുണ്ട്. ംരം പ്രദേശങ്ങളിൽ പലരും സത്യവിശ്വാസത്തിൽനിന്നും തെറ്റി ദേവമാതാവിനെ അധിക്ഷേപിച്ചും പരിശുദ്ധ കുമ്പാനയേയും തിരുസഭയേയും തിരസ്കരിച്ചും വന്നു. തന്നിമിത്തം ഈ തീർത്ഥയാത്രക്കാർക്ക് യേശുനാഥനിലുള്ള വിശ്വാസവും ദേവമാതാവിനോടുള്ള സ്നേഹവും തിരുസഭയോടുള്ള ഭക്തിയും പ്രഖ്യാപനം ചെയ്യണമെന്ന് ഉദ്ദേശ്യമുണ്ടായിരുന്നു.

ഇവരുടെ യാത്ര എഴുപത്തെട്ടു ദിവസത്തോളം നീണ്ടു. അവർ കടന്നുപോയിരുന്ന പാതകൾ മഞ്ഞുകൊണ്ട് മൂടപ്പെട്ടിരുന്നു. മലകളും കുന്നുകളും കയറേണ്ടതായുണ്ടായിരുന്നു എങ്കിലും യാത്രക്ലേശത്തെ വകവെയ്ക്കുകയോ അപകടത്തെ ഭയപ്പെടുകയോ ചെയ്യാതെ സന്തോഷസമേതം അവർ പ്രയാണം ചെയ്തു. എന്തെന്നാൽ സ്വർഗ്ഗനാഥനായ ക്രിസ്തുവിന്റെ കാലടികളിലൂടെയല്ലയോ അവർ യാത്ര ചെയ്യുന്നത്?

അവർ വെനീസിൽ എത്തിയ ഉടനെതന്നേ ഒരു രാജ്യവും തുർക്കിയുമായി യുദ്ധം ആരംഭിച്ചതിനാൽ ഒരു വർഷത്തേക്കു പുണ്യസ്ഥലങ്ങളിലേക്കു കപ്പലുകളൊന്നും പോയിരുന്നില്ല. തന്നിമിത്തം തലവനായ ഇഗ്നേഷ്യസിനോടുകൂടി തീർത്ഥയാത്രക്കാർ റോമ്മായിലെത്തി, ആത്മാക്കളുടെ രക്ഷ എന്ന മഹത്തായ വേലയ്ക്കു സന്നദ്ധരായിക്കൊണ്ട് മാപ്പാപ്പായുടെ മുമ്പാകെ സന്നിഹിതരായി.



ഇന്ത്യയുടെ ഭലഗാമപ്പസ്സോലിക്കാ ആയിട്ടും മിഷ്യനറിയായിട്ടും ശവരിയാർ നിയമിതനായതനുസരിച്ച് പരിശുദ്ധപിതാവ് പോൾതൃതിയന്റെ മുമ്പാകെ മുട്ടുകുത്തി അനുഗ്രഹം വാങ്ങിക്കുന്നതു.

അഞ്ചാം അദ്ധ്യായം

മാപ്പാപ്പായുടെ കല്പന

1540

കുബ്ബാനയിൽ അപ്പവും വീഞ്ഞും യേശുവിന്റെ ശരീരവും രക്തവുമായിട്ടു മാറുന്നതിനും സ്വശരീരം വിശ്വാസികൾക്കു ദാനം ചെയ്യുന്നതിനുമുള്ള അധികാരം ഒടുവിലത്തെ അത്താഴത്തിങ്കൽ അദ്ദേഹം ശിഷ്യന്മാക്കു നല്കുകയുണ്ടായി. ഇതിനും പുറമെ സ്വനാമത്തിൽ കുമ്പസാരം വഴിയായി പാപത്തെ മോചിക്കുന്നതിനുള്ള അധികാരവും പെസഹാ ഞായറാഴ്ചയിൽ അദ്ദേഹം അവക്കു കൊടുത്തു. ഈ അധികാരം മെത്രാന്മാക്കും വൈദികന്മാക്കും പരമ്പരയായി സിദ്ധമാവുകയും ചെയ്തിട്ടുണ്ട്. അതിനാൽ പൌരോഹിത്യം മഹത്തായ ഒരു സ്ഥാനമാണ്. പുരോഹിതൻ ദാനം ചെയ്യുന്ന അനുഗ്രഹവും വലുതു തന്നേ. ഈ കാരണങ്ങളാൽ, ക്രിസ്തുജൂൺ മാസം- വെനീസിൽ വെച്ച് ഫ്രാൻസിസ് ശവരിയാർ പുരോഹിതസ്ഥാനം സ്വീകരിച്ചു. ആത്മാവുകളെ രക്ഷിക്കാൻ വൈദികക്കു കൂടുതൽ സൌകര്യങ്ങൾ ഉണ്ടല്ലൊ. ദിവ്യമായ സജ്ജീകരണാനന്തരം ശവരിയാർ 'നവപൂജ' അണിഞ്ഞു. കുബ്ബാന അർപ്പിക്കുവേ സ്വർഗ്ഗീയമായ ഒരു പ്രകാശം അദ്ദേഹത്തിന്റെ മുഖകമലങ്ങളിൽ കളിയാടി. പുരോഹിതസ്ഥാനലബ്ധിയിൽ അദ്ദേഹത്തിന്റെ കൃതജ്ഞത വലുതായിരുന്നു. പരിത്യാഗവും ശുശ്രൂഷയുംമൂലം ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ള അവസരം ലഭിക്കുന്നതിനുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിച്ചു. ദൈവം അയാളുടെ അപേക്ഷയെ കൈക്കൊള്ളുകയും ചെയ്തു. എന്തെന്നാൽ വേണ്ടുവോളം പ്രയത്നവും പരിത്യാഗവും പൌരസ്ത്യരാജ്യങ്ങളിലെ വിസ്തൃതങ്ങളായ നാടുകളിൽ അദ്ദേഹത്തെ പ്രതീക്ഷിച്ചുകൊണ്ടാണിരുന്നത്.

ഈ കാലത്ത് ഇൻഡ്യായിലേക്കു അയക്കുവാൻ ഏതാനും മിഷ്യനറിമാരെ ആവശ്യമുണ്ടെന്നു പോർത്തുഗാളിലെ രാജാവ് മാപ്പാപ്പായെ അറിയിച്ചു. രാജാവിന്റെ അപേക്ഷപ്രകാരം പാപ്പാ ഈശോസഭയിലെ രണ്ടു വൈദികന്മാരെ അയച്ചുകൊടുത്തു. ഇവരിൽ ഒരാൾ ശവരിയാർ ആയിരുന്നു. പൌരസ്ത്യരാജ്യങ്ങളിൽ പാപ്പായുടെ 'മനുജ്യ'സ്ഥാനവും ഇദ്ദേഹത്തിനു നല്കപ്പെട്ടിരുന്നു.

ഭക്തിബഹുമാനാദരങ്ങളോടുകൂടി ശവരിയാർ പാപ്പായുടെ കാല്ക്കൽ വീണുകൊണ്ടു പ്രസ്തുവിതനിയമനത്തിനുവേണ്ടി അദ്ദേഹത്തോടുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കുകയും അപ്പസ്തോലിക്കാനുഗ്രഹത്തെ പ്രാർത്ഥിക്കുയും ചെയ്തു.

ഇഗ്നേഷ്യസിനോടും മറ്റു സ്നേഹിതന്മാരോടും യാത്ര പറഞ്ഞശേഷം ക്രിസ്തുവിനുവേണ്ടി നൂതനമായി ഒരു സാമ്രാജ്യം കുടുപിടിക്കുവാൻ ശവരിയാർ റോമായിൽനിന്നും പുറപ്പെട്ടു.



ഇന്ത്യയിലേക്കു കപ്പൽ കയറുന്ന അവസരത്തിൽ, പെട്ടെന്നു തയ്യാറാക്കപ്പെട്ട ഒരു പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് ഗവരിയാർ ലിസ്ബൺകാരോടു അവസാനയാത്ര പറയുന്നതു്.

ആറാം അദ്ധ്യായം

വേർപാട്

1541

ക്രിസ്തുവിന്റെ പ്രേഷിതൻ മാതാപിതാക്കന്മാരെയും സ്നേഹിതന്മാരെയും എന്നു വേണ്ടാ, കാവ്യരുടെ ആത്മാക്കളെ രക്ഷിക്കുവാൻവേണ്ടി സമസ്തവും ഉപേക്ഷിക്കുന്നു. പൌരോഹിത്യസ്ഥാനത്തിൽ ഉയർത്തപ്പെടുവാനിരിക്കുന്ന ഒരു ശിശുവിനെ പരിചരിക്കുന്ന മാതാവ് അനുഗ്രഹിതയാകുന്നു. അജ്ഞാനികളുടെ മാനസാന്തരത്തിനുവേണ്ടി വേല ചെയ്യാനിരിക്കുന്ന ഒരു ബാലനെ പരിചരിക്കുന്ന മാതാവ് ഭാഗ്യമുള്ളവൾ ആകുന്നു. നമ്മുടെ മിഷ്യനറിമാർ പോർത്തുഗാളിന്റെ തലസ്ഥാനമായ ലിസ്ബനിൽനിന്നും കപ്പൽ കയറി. നഗരത്തിനു പുറമേ കന്യകമറിയത്തിന്റെ നാമധേയത്തിൽ ഒരു ചെറിയ ദേവാലയം ഉണ്ട്. ഇവിടെവച്ച് ഈ വഷ്ങ്ങൾക്കു മുമ്പു കന്യകമറിയത്തിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചശേഷമാണ് ഇൻഡ്യായിലേക്കു കപ്പൽ മാർഗ്ഗമുള്ള വഴി കണ്ടുപിടിക്കുവാനായി വാസ്കോഡിഗാമാ പുറപ്പെട്ടത്.

ഇൻഡ്യൻമഹാസമുദ്രത്തെ മഹമ്മദീയാധികാരത്തിൽനിന്നും സംരക്ഷിച്ചു ദേഹവും, ഗോവാ, മലാക്കാ, ആർമസ്സ് മുതലായ പ്രദേശങ്ങളുടെ ജേതാവായ ആൽബുക്കർക്കും ഈ ദേവാലയത്തിലാണ് പ്രാർത്ഥിച്ചത്. ഈ സ്ഥലത്തുവെച്ചു തന്നേ അജ്ഞാനദാരതത്തെ ക്രിസ്തുവിനുവേണ്ടി ആക്രമിക്കുവാനായി പുറപ്പെടുന്നതിനു മുമ്പായി ശവരിയാരും പ്രാർത്ഥിച്ചു.

മിഷ്യനറിമാരോട് യാത്ര പറയുന്നതിനും അവരുടെ അനുഗ്രഹം വാങ്ങുന്നതിനുമായി അനവധി ആളുകൾ അവിടെ കൂടിയിരുന്നു. തൽക്ഷണം തന്നേ ഒരു പ്രസംഗപീഠം തയാറാക്കുകയും അതിൽ കയറിനിന്നുകൊണ്ട് ശവരിയാർ യൂറോപ്പിൽവെച്ചുള്ള അവസാനത്തെ പ്രസംഗം പറയുകയും ചെയ്തു.

കപ്പൽ പുറപ്പെടാനുള്ള സമയമായി; മിഷ്യനറിമാർ അകത്തു പ്രവേശിച്ചു. കരയ്ക്കു നിന്നവർക്കു ശവരിയാരേയും ശവരിയാർക്കു കരയ്ക്കു നിന്നവരേയും കാണ്മാൻ പാടില്ലാതായി. രേഖാരഹിതമായ സമുദ്രത്തിൽകൂടി കപ്പൽ പൊങ്ങിയും താണും ശവരിയാർ അത്യാശയോടെ പ്രതീക്ഷിച്ചിരുന്ന ഇൻഡ്യായിലേക്ക് ഓടിത്തുടങ്ങി.



മാഗ്രമദ്ധ്യേ കിഴക്കെആഫ്രിക്കായുടെ തിരത്തു കപ്പൽ അടുക്കുകയിൽ വാസ്കോ ഡിഗാമാ നാട്ടിയ കുരിശു ശവരിയാർ കാണുന്നതും മഹമ്മദിയപ്രമാണിയുമായി വേദത്തെപ്പറ്റി പ്രസംഗിക്കുന്നതും.

ഏഴാം അദ്ധ്യായം


ശവരിയാരും മഹമ്മദീയനും

1542

കിഴക്കേ ആഫ്രിക്കായുടെ തിരത്തു് 'മെലിന്ദാ' എന്ന തുറമുഖത്തു കപ്പൽ അടുക്കുകയും ശവരിയാർ അവിടെ ഇറങ്ങുകയും ചെയ്തു. അവിടെ സമുദ്രത്തിനഭിമുഖമായി വാസ്തോഡിഗാമായാൽ സ്ഥാപിതവും മുഴുവൻ സ്വർണ്ണം പൂശിയ കുരിശുള്ളതുമായ ഒരു കൽത്തൂണ് സ്ഥിതി ചെയ്യുന്നു. ഈ കുരിശിൽനിന്നും പ്രകാശം പുറപ്പെട്ട മെലിന്ദാനഗരത്തിലേക്ക് വിശ്വസ്തത കണ്ടു. ശവരിയാർ സന്തോഷഹൃദയത്തോടെ അജ്ഞാനികളുടെ മദ്ധ്യേ സ്ഥാപിതമായ രക്ഷയുടെ ചിഹ്നത്തെ അഭിവാദ്യം ചെയ്തു. ഈ നഗരത്തിലെ നിവാസികളെല്ലാവരും മഹമ്മദീയരാണെങ്കിലും അവരുടെ വേദം ഏറെക്കുറെ നാമാവശേഷമായിത്തിന്നിരിക്കയാണ്.

ഒരു പൌരപ്രമാണി ശവരിയാരോട് പറഞ്ഞു "ഞങ്ങൾക്കിവിടെ ഈ പള്ളികൾ ഉണ്ടെങ്കിലും, മൂന്നു നീക്കി ശേഷമുള്ളതിലൊന്നിലും ഒരുത്തരും പ്രവേശിക്കുന്നതേ ഇല്ല. പരിതാപകരമായ ഈ ഭക്തിശൂന്യം എന്തു കാരണത്താലാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഞങ്ങളുടെ ജനം ചെയ്ത എന്തോ മഹാപാപമായിരിക്കണം ഇതിന്റെ ഹേതു." ഫ്രാൻസിസ് മറുപടി പറഞ്ഞു "നിങ്ങളുടെ പ്രാർത്ഥനകളും വേദവും ദൈവത്തിനിഷ്ടമുള്ളതല്ല." തദനന്തരം നിബിയുടെ സിദ്ധാന്തങ്ങളുടെ ആബദ്ധ്യത്തെപ്പറ്റി ആ മഹമ്മദീയനോടു പറഞ്ഞു. വേദത്തെപ്പറ്റി വിഭിന്നാഭിപ്രായത്തോടുകൂടിയിരുന്ന ആ ഭദ്രഗമനഷ്യന് ശവരിയാരിന്റെ പ്രസംഗം തൃപ്തികരമായി തോന്നിയില്ല. പ്രസംഗമദ്ധ്യേ നിയമാദ്ധ്യാപകനായ ഒരു സരസൻ അവിടെ എത്തി. അയാൾ പറഞ്ഞു "ഞങ്ങളെ സഹായിക്കുന്നതിനായി മഹമ്മദുനിബി രണ്ടു വർഷത്തിനകം വരാത്തപക്ഷം ഞാൻ ഈ മതം ഉപേക്ഷിച്ചേക്കുന്നുണ്ട്."

ഈ ഇടത്തന്നേയാണ് വിശുദ്ധൻ സൊക്കോട്ടാദ്വീപിൽ ഇറങ്ങിയതും, തോമാശ്ലീഹായുടെ സന്താനങ്ങളായ ക്രിസ്ത്യാനികളെ കണ്ടതും. ഈ ക്രിസ്ത്യാനികൾക്ക് പട്ടക്കാരില്ലാതിരുന്നതിനാൽ അവരുടെ ആദ്ധ്യാത്മികാഭിവൃദ്ധി എത്രയും താണപടിയിലാണ് സ്ഥിതി ചെയ്തിരുന്നത്. എങ്കിലും മതാദ്ധ്യാസത്തിനും പുണ്യാഭിവൃദ്ധിക്കും അവർ പ്രദർശിപ്പിച്ച അത്യുത്സാഹം ഹേതുവാൽ ശവരിയാക്കു അവരുടെ ഇടയിൽനിന്നു പോകുവാൻ മനസ്സുണ്ടായില്ല. അദ്ദേഹം അനേകരെ ജ്ഞാനസ്നാനപ്പെടുത്തുകയും പഠിപ്പിക്കയും ചെയ്തു.



ശവരിയാർ വേളോപദേശത്തിനു കുട്ടികളെ ആകർഷിക്കുവാൻ വേണ്ടി മണിയും കിലുക്കിക്കൊണ്ടു ഗോവായിലെ തെരുവുകളിൽക്കൂടി ഉച്ചകഴിഞ്ഞു കൊന്ത മാതാവിന്റെ പള്ളിയിലേക്കു പോകുന്നതു്.

എട്ടാം അദ്ധ്യായം

ഗോവായിലെ ബാലന്മാരുടെ മദ്ധ്യേ

1542

ശവരിയാർ പുറപ്പെട്ടിട്ട് ഒരു വഷം പൂത്തിയായതിനോടുകൂടി ഫ്രാൻസ മെയിമാസത്തിൽ പോർട്ടുഗിസിൻഡ്യയുടെ തലസ്ഥാനമായ ഗോവായിൽ എത്തി. ഒരു ശ്ലീഹായുടെ തീക്ഷ്ണതയോടെ നഗരത്തിൽ ജോലി ആരംഭിച്ചു. ഏറെത്താമസിയാതെ ''വിശുദ്ധനായ പിതാവ്'' എന്ന പേരിനാൽ എല്ലാവരാലും വിളിക്കപ്പെട്ടു. അദ്ദേഹം സാധുക്കളെയും രോഗികളെയും തടവുപുള്ളികളെയും ചെന്നു കണ്ടുവന്നു; എങ്കിലും ബാലന്മാരെ പഠിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിനധിക സന്തോഷം.

തെരുവീഥികളിൽക്കൂടി ചെറിയ മണിയും കിലുക്കിക്കൊണ്ട് നടക്കുകയും തദ്വാരാ എല്ലാവരെയും ആകർഷിക്കയും ചെയ്യുന്നു. പിന്നിട്ട് അദ്ദേഹം അവരെ എല്ലാവരെയും കൂട്ടിക്കൊണ്ട് ദേവമാതാവിന്റെ നാമത്തിൽ പണി ചെയ്യപ്പെട്ടിട്ടുള്ള ദേവാലയത്തിൽ ചെന്നു പ്രാർത്ഥനകളെ ദ്വാരതിയ സമ്പ്രദായപ്രകാരം രൂപാന്തരപ്പെടുത്തി പഠിപ്പിച്ചു. ഇദ്ദേഹത്തിന്റെ സ്വരവാസനാവിശേഷത്തിന്റെ പ്രതിധ്വനി നിലങ്ങളിലും തെങ്ങിൻതോട്ടങ്ങളിലും, കൊട്ടാരത്തിലും കുടിലിലും കേൾക്കപ്പെട്ടു.

വിദ്യാർത്ഥികൾ പള്ളിയിൽവെച്ച് പഠിച്ച പാട്ടുകൾ വീട്ടിൽ ചെന്നു പാട്ടുകളിലൂടെ വേലക്കാരും മാതാപിതാക്കന്മാരുംകൂടി വിശ്വാസസത്യങ്ങളെ പഠിക്കുന്നതിനും കപടദേവന്മാരെ പരിത്യജിക്കുന്നതിനും ഇടയായി. ഏറെത്താമസിയാതെ പലരും പിശാചിനെ ഉപേക്ഷിച്ചു. ബിംബങ്ങളെ നിഷ്കാസനം ചെയ്തശേഷം പുണ്യവാന്റെ കുരിശു രോഗികളുടെമേൽവെച്ചു പ്രാർത്ഥിച്ചപ്പോൾ അവർ സ്വസ്ഥരാവുകയും ചെയ്തു.

പോർട്ടുഗലിലെ രാജാവും ഗോവായിലെ മെത്രാനും വിസ്മയനീയമായ ഈ വിജയം കണ്ട് സന്തോഷിച്ചു. ക്രിസ്തീയ തത്വങ്ങളെ പഠിപ്പിക്കുന്നതിന് പലയിടത്തും വിദ്യാലയങ്ങൾ സ്ഥാപിക്കയുണ്ടായി. വിശ്വാസരഹസ്യങ്ങളെ പഠിപ്പിക്കാനായി കുട്ടികളെ അയക്കാത്തവർ അജ്ഞാനികളെക്കാൾ നികൃഷ്ടരായിട്ട് ഗണിക്കപ്പെടുകയും ചെയ്തു.



കൊമ്പുത്തുര എന്ന സ്ഥലത്തു വിശുദ്ധ എസ്തഫാനോസിന്റെ പള്ളിയിൽ കുബ്ബാന ചൊല്ലുവാനാരംഭിക്കുകയിൽ പുറത്തു വലിയ നിലവിളിയും ഗർഗമസ്വരവും കേട്ടു, കാരണമന്വേഷിക്കയും, കിണറ്റിൽ വീണ മരിച്ച ഒരു ശിശുവിനെ അടക്കം ചെയ്യാൻ കൊണ്ടുവരുന്നതായി അറികയും ചെയ്യുന്നു. പുണ്യവാൻ പുറത്തു വന്നപ്പോൾ ദുഃഖിതയായ മാതാവു മൃതശരീരം കയ്യിലെടുത്തു പിടിച്ചുകൊണ്ടു കുട്ടിയെ ജീവിപ്പിക്കുവാൻ പ്രാർത്ഥിക്കുന്നതു.

ഒമ്പതാം അദ്ധ്യായം

പരവജാതിയുടെ ശ്രീഹാ

1543

വഷ്കാലം കഴിഞ്ഞ ഉടനെ ശവരിയാർ തെന്നിൻഡ്യായിൽ കന്യാകുമാരിക്കടൽത്തീരങ്ങളിലേക്കു പുറപ്പെട്ടു. കടലിൽനിന്നു മുത്തുകൾ ശേഖരിച്ചു കച്ചവടം ചെയ്ത് ഉപജീവനം കഴിക്കുന്ന ഇവരുടെ സംഖ്യ ഇരുപതിനായിരത്തിൽ കുറയുകയില്ല. ഇവർ നാലു വഷ്ങ്ങൾക്കു മുമ്പേതന്നേ ജ്ഞാനസ്നാനം കൈക്കൊണ്ടവരായിരുന്നെങ്കിലും അവർക്കു വേദജ്ഞാനമാവട്ടെ വൈദികരാവട്ടെ ഉണ്ടായിരുന്നില്ല.

തന്നിമിത്തം വിശുദ്ധ ശവരിയാർ അവരുടെ ശ്രീഹാ ആയിത്തീർന്നു. അദ്ദേഹം വിദ്യാവിഹീനന്മാരെ പഠിപ്പിച്ചും ബിംബങ്ങളെ തകർത്തും, പോർത്തുഗീസുകാരുടെ ഉപദ്രവങ്ങളിൽനിന്നും ഹൈന്ദവോദ്യോഗസ്ഥന്മാരുടെ ശല്യങ്ങളിൽനിന്നും മധുരയിലെ വടുകന്മാരുടെ ആക്രമങ്ങളിൽനിന്നും അവരെ സംരക്ഷിച്ചും പീഡിക്കപ്പെട്ടപ്പോൾ ധൈര്യം നല്കിയും ഗ്രാമംതോറും വിശ്രമരഹിതനായി സഞ്ചരിച്ചുവന്നു. ഒരു അത്ഭുതപ്രവർത്തകനെന്നപേരിലും അദ്ദേഹം അറിയപ്പെടാതിരുന്നില്ല. ഗർഭപുഷ്ടയായ ഒരു ഹൈന്ദവസ്ത്രീ അപകടാവസ്ഥയിൽ സ്ഥിതി ചെയ്തിരുന്നു. ബിംബങ്ങൾ മൌനവ്രതം പൂണ്ടുകളഞ്ഞതിനാൽ അവളുടെ മാതാപിതാക്കന്മാർ ശവരിയാരെ ക്ഷണിച്ചു കൊണ്ടുപോയി. അദ്ദേഹം അവൾക്ക് മാമ്മോദീസാ നല്കിയശേഷം പ്രാർത്ഥിച്ചു. ദൈവം വിശുദ്ധന്റെ അപേക്ഷയെ കൈക്കൊണ്ടു. ഈ അനുഗ്രഹം ഹേതുവാൽ ഗ്രാമം മുഴുവനും ക്രിസ്തീയ മതം സ്വീകരിക്കുകയും ചെയ്തു.

കൊമ്പുത്തുറ എന്ന സ്ഥലത്തു ഒരു ബാലൻ കിണറ്റിൽ ചാടി മരിച്ചുപോയിരുന്നു. അവന്റെ അമ്മ വിശുദ്ധന്റെ പക്കൽ ചെന്നു സഹായം അപേക്ഷിച്ചു. മർമ്മഭേദകമായ വിധത്തിൽ അവൻ നിലവിളിച്ചു. ഇതുകണ്ടു പുണ്യവാൻ പ്രാർത്ഥിക്കുകയും ബാലനെ അനുഗ്രഹിക്കുകയും ചെയ്തു. ഉടനെ കുട്ടിയുടെ നിശ്ചലാവയവങ്ങൾക്ക് ജീവനുണ്ടായി.

നാനാദാഗത്തുനിന്നും രോഗികളുടെ പക്കലേക്ക് ശവരിയാർ ക്ഷണിക്കപ്പെടുകയും അദ്ദേഹത്തിന്റെ പ്രാർത്ഥനാഫലം അനുഭവിക്കാത്തവരായി ചുരുക്കം പേരെ മാത്രം കാണപ്പെടുകയും ചെയ്തു.

കടൽത്തീരവാസികളുടെ ഇടയിൽ കഷ്ടിച്ചു രണ്ടു വഷ്മേ അദ്ദേഹം നിവസിച്ചുള്ളു. എങ്കിലും പരവന്മാർ അവരുടെ ശ്രീഹായെ ഒരിക്കൽപോലും വിസ്മരിച്ചിട്ടില്ല. പ്രോട്ടസ്റ്റന്റുകാരുടെ വശീകരണങ്ങൾക്കാവട്ടെ പീഡകൾക്കാവട്ടെ, വിശ്വാസത്തിൽനിന്നും അവരെ വ്യതിചലിപ്പിക്കുന്നതിന് ഇന്നുവരെയും സാധിച്ചിട്ടില്ല.



പുണ്യവാൻ തമിഴ് ബ്രാഹ്മണന്മാരോട് വേദം പ്രസംഗിക്കുന്നതു


പത്താം അദ്ധ്യായം

ബ്രാഹ്മണരുടെ ഇടയിൽ

1543

പരവന്മാർ വിശുദ്ധന്റെ പ്രസംഗങ്ങളെ ശ്രദ്ധാപൂർവ്വം ശ്രവിച്ചു; എങ്കിലും ബ്രാഹ്മണർ ദൈവവചനത്തിനു "ചെവികൊണ്ടില്ല." തിരുച്ചെന്തൂർ അമ്പലത്തിൽവെച്ചു അവർ ശവരിയാരുമായി ദീർഘസംഭാഷണം നടത്തുകയുണ്ടായി. അദ്ദേഹം പ്രസംഗിച്ച വേദം സത്യമായിട്ടുള്ളതാണെന്ന് അവർ സമ്മതിക്കാതിരുന്നില്ല. എങ്കിലും അവർ ശവരിയാരോടു ഹാസ്യമായി ഇങ്ങനെ പറഞ്ഞു: "ഏക ദൈവമേയുള്ളൂ എന്നു ഞങ്ങൾക്കറിയാം." നമ്മുടെ വിശുദ്ധൻ റോമായിലേക്ക് ആ ഇടയെഴുതിയ ഒരു കത്തിൽ ഇപ്രകാരം പറയുന്നു: "അവരുടെ ചതിപ്രയോഗങ്ങളെ വെളിപ്പെടുത്താതിരിക്കാൻവേണ്ടി അവർ എനിക്കു സമ്മാനങ്ങൾ കൊടുത്തയക്കുന്നുണ്ട്. പക്ഷേ അവരുടെ ദുഷ്പ്രവൃത്തികളെ ഞാൻ യഥാവസരം എല്ലായിടത്തും വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. ബ്രാഹ്മണരുടെ വിരോധം ഇല്ലായിരുന്നെങ്കിൽ എല്ലാ ജനങ്ങളും മിശിഹായുടെ വേദം അനുസരിക്കുമായിരുന്നു. ഒരു അമ്പലത്തിൽ 400 ബ്രാഹ്മണർ ഒന്നിച്ചു വസിക്കുന്നുണ്ട്. അവരോടു ഞാൻ ചോദിച്ചു: "മോക്ഷത്തിൽ പോകുവാൻ എന്തു ചെയ്യണം?". അവർ മറുപടി പറഞ്ഞു: സ്വർഗ്ഗപ്രവേശത്തിനു രണ്ടു സംഗതികൾ ചെയ്യാനേ ഞങ്ങളുടെ ദേവന്മാർ ആവശ്യപ്പെടുന്നുള്ളൂ. ഒന്നു, ഗോവധം ചെയ്യരുതെന്നും മറ്റത്, ബ്രാഹ്മണരോടു ദയ പ്രദർശിപ്പിക്കുകയും അവർക്കു ദാനം കൊടുക്കയും വേണമെന്നും അരുളുന്നു." ഈ മറുപടി എനിക്ക് ഒട്ടുംതന്നെ രസിച്ചില്ല. എന്തെന്നാൽ സത്യദൈവത്തിനു പകരം കള്ളദേവന്മാർ ആരാധിക്കപ്പെടുന്നല്ലോ എന്നു കണ്ട് ഖേദിക്കയല്ലാതെ ഗത്യന്തരമില്ലായിരുന്നു. മനുഷ്യരുടെമേൽ പിശാച് ഇത്ര വലിയ അധികാരം പ്രയോഗിക്കുന്നതേപ്പറ്റി ദുഃഖിക്കയല്ലാതെ എന്തു ചെയ്യാൻ കഴിയും? വിശ്വാസപ്രമാണം ഞാൻ ഉച്ചത്തിൽ ചൊല്ലി അവരെ കേൾപ്പിച്ചു. അതിന്റെശേഷം സ്വർഗ്ഗത്തെപ്പറ്റി പ്രസംഗിക്കയും സ്വർഗ്ഗത്തിലേക്കു പോകുന്നവരാരെല്ലാമാണെന്നും നരകത്തിലേക്കു അയക്കപ്പെടുന്നവരാരെല്ലാമെന്നും അവരോടു വിശദമായി പ്രസംഗിച്ചു, ഒടുവിൽ എല്ലാവരും എഴുന്നേറ്റു നിന്നുകൊണ്ടു പറഞ്ഞു: "ക്രിസ്ത്യാനികളുടെ ദൈവം തന്നേ സത്യദൈവം. അദ്ദേഹത്തിന്റെ പ്രമാണങ്ങൾ യുക്തിയുക്തങ്ങളുമായിരിക്കുന്നു." ഇതിനു സമാധാനമായി "സത്യമതമെന്നു വിശ്വസിക്കുന്ന വേദത്തിൽ നിങ്ങൾ ചേരാതിരിക്കുന്നതു എന്തുകൊണ്ട്?" എന്നു ഞാൻ വീണ്ടും ചോദിച്ചപ്പോൾ, ദുർമ്മാർഗ്ഗികളായ ക്രിസ്ത്യാനികളോട് സന്മാർഗ്ഗത്തിൽ പ്രവേശിക്കുന്നതിന് നാം ഉപദേശിക്കുമ്പോൾ അവർ പറയുന്ന സമാധാനം തന്നേ ഇവരും പറകയുണ്ടായി." "ഞങ്ങളുടെ ഇപ്പോഴത്തെ ജീവിതസമ്പ്രദായം മാറിയാൽ മനുഷ്യർ എന്തു പറയും? പിന്നെ ഞങ്ങളെങ്ങനെ കഴിയും?"

ഫ്രാൻസിസ്കു ശവരിയാർ ഒരൊറ്റ ബ്രാഹ്മണനെ മാത്രമേ മാനസാന്തരപ്പെടുത്തിട്ടുള്ളൂ. ഈ ചെറുപ്പക്കാരൻ കുട്ടികളെ വേദോപദേശം പഠിപ്പിക്കുന്നതിൽ അത്യുത്സാഹിയുമായിരുന്നത്രെ!



കൊല്ലത്തിനു സമീപംവെച്ചു അനേകം കടൽത്തിരവാസികളെ ഒരൊറ്റ മി
വസത്തിൽ ശവരിയാർ മാമ്മോദിസാ മുക്കുന്നതു.

പതിനൊന്നാം അദ്ധ്യായം

വലിയ കൊയിത്തു്

1544

ബ്രാഹ്മണർ ദൈവകാരുണ്യത്തെ തിരസ്കരിച്ചെങ്കിലും കടൽത്തീരത്തിന്റെ വടക്കുഭാഗത്തു താമസിച്ചിരുന്ന അരയന്മാരും തിരുവിതാംകൂറിലെ മുക്കുവരും മാമ്മോദീസാ കൈക്കൊള്ളുവാൻ സന്നദ്ധരായി. കടൽത്തീരങ്ങളിലേക്കു് ഇൻഡ്യാക്കാരനായ ഒരു വൈദികനെ അയച്ചശേഷം തിരുവിതാംകൂറിലേക്കു വിശുദ്ധൻ തന്നേ പുറപ്പെട്ടു. ഈ നാട്ടുകാരാവട്ടെ അദ്ദേഹത്തെ സന്തോഷപൂർവ്വം കൈക്കൊണ്ടു. വിശുദ്ധൻ ഓരോ ഗ്രാമങ്ങളിലും ചെന്നു ജനങ്ങളെ വിളിച്ചുകൂട്ടി കുരിശുവര, വിശ്വാസപ്രമാണം, കർത്താവിന്റെ പ്രാർത്ഥന, നന്മ നിറഞ്ഞ മറിയം തുടങ്ങിയുള്ള ജപങ്ങളെല്ലാം അവർക്കു ചൊല്ലി കൊടുത്തു പഠിപ്പിച്ചു.

തദനന്തരം വിശ്വാസത്തെപ്പറ്റിയും പ്രമാണങ്ങളെപ്പറ്റിയും അദ്ദേഹം കുറഞ്ഞൊന്നുപദേശിക്കും. തൽഫലമായി എല്ലാവരും പാപമോചനാർത്ഥം ജഗദീശ്വരനെ പ്രാർത്ഥിച്ചുവന്നു. വിശുദ്ധൻ ഒരിക്കൽക്കൂടി വിശ്വാസരഹസ്യങ്ങളോരോന്നും ആവർത്തിക്കുകയും അവയെ വിശ്വസിക്കുന്നോ എന്നു് ശ്രോതാക്കളോടു് ചോദിക്കുകയും ചെയ്യും. അവരാവട്ടെ കുരിശുവരച്ചുകൊണ്ടു് ''ഞങ്ങൾ വിശ്വസിക്കുന്നു'' എന്നു പറഞ്ഞിരുന്നു. മാമ്മോദീസാ എല്ലാറ്റിലും ഒടുവിലാണു് കൊടുക്കുക പതിവു്. ആദ്യം പുരുഷന്മാരെയും പിന്നീടു സ്ത്രീകളെയുമായിട്ടാണു് ജ്ഞാനസ്നാനപ്പെടുത്തുക. ഓരോരുത്തരുടെയും ക്രിസ്ത്യനാമങ്ങൾ ഓലത്തുണ്ടിൽ എഴുതി കൊടുക്കും. ഈ പുതിയ ക്രിസ്ത്യാനികൾ വീട്ടിൽ ചെന്നു ബിംബങ്ങളെ തകർത്തുകളകയും ചെയ്യും.

ഇങ്ങനെ ഒരൊറ്റ മാസംകൊണ്ടു് തിരുവിതാംകൂറിലെ കടലോരവാസികളായ മുക്കുവജാതിയെ ഒട്ടുക്കു അദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തി. ഇവരുടെ അനന്തരഗാമികൾ വിശുദ്ധനെ അവരുടെ ശ്ലീഹാ ആയി ഇന്നും ബഹുമാനിച്ചുവരികയും ചെയ്യുന്നു.



ഒരു പടയാളിയും മഹാ പാപിയായ ഒരു യാത്രക്കാരനുംകൂടി പകിട കളിക്കയിൽ പാപി തോല്ക്കുന്നതു, വീണ്ടും ഭാഗ്യം പരിക്ഷിപ്പാൻ വിശ്വാസൻ പണം കൊടുക്കുന്നതും.

പന്ത്രണ്ടാം അദ്ധ്യായം

പരിശുദ്ധനും പാപിയും

1545

ശപരിയാരുടെ പ്രാത്ഥനയും നമസ്കാരവും ഹേതുവാൽ സപരിശ്രമങ്ങൾക്ക ഈശപരാനുഗ്രഹം വേണ്ടുവോളം സിദ്ധിച്ചുവന്നു. ഈ രണ്ടു ഗുണങ്ങളും അദ്ദേഹത്തിൽ സവ്വദാ പ്രകാശിച്ചുകൊണ്ടിരുന്നതിനാൽ മഹാ ദുഷ്ടത്തുകൾകൂടിയും അദ്ദേഹത്തെ കണ്ടുമുട്ടിയാൽ മാനസാന്തരപ്പെടുക സാധാരണമായിരുന്നു.

തിരുപിതാംകുറിൽ നിന്നും നമ്മുടെ വിശുദ്ധൻ ഗോവായിലേക്ക പോകും വഴി, കിഴക്കൻതീരങ്ങളിലെ ദ്വീപങ്ങളിൽ. മഹനീയവും ആത്മീയവുമായ ഒരു കൊയിത്തുണ്ടെന്നു കേട്ട് അങ്ങോട്ട പോകുന്നതിനു നിശ്ചയിച്ചു.

വിശുദ്ധന്റെ യാത്രയിൽ ഒരു മഹാ പാപിയായ പടയാളിയും സഹസഞ്ചാരകനായുണ്ടായിരുന്നു. കപ്പലിൽവെച്ച് ഇവർ പകിടകളിക്കുയും പാപിയുടെ കൈയ്യിലുണ്ടായിരുന്ന സവ്വസ്വവും നഷ്ടീഭവിക്കുകയും ചെയ്തു. ഏതൻമൂലം അവൻ ദൈവദൂഷണം പറയാൻ തുടങ്ങി. വിശുദ്ധനാവട്ടെ ഒരിക്കൽകൂടി ഭാഗ്യം പരീക്ഷിച്ചുനോക്കണമെന്നു പറഞ്ഞുകൊണ്ട് അവനു പണം കൊടുത്തു. ഈ പ്രാവശ്യം അവനു നഷ്ടപ്പെട്ട പണം മുഴുവൻ തിരിച്ചു കിട്ടുകയുണ്ടായി. അതിന്റെശേഷം ശപരിയാരോട് ഇവൻ വലുതായ കൃതജ്ഞത പ്രകാശിപ്പിക്കുകയും അന്നുമുതൽ അവർ ഇരുവരും ആപുമിത്രങ്ങളായിത്തീരുകയും ചെയ്തു. അടുത്ത തുറമുഖത്ത് ഇരുവരും ഇറങ്ങുകയും ഒരു വെറിയ ദേവാലയത്തിൽവെച്ച് പാപി ഒരു മുഴുവൻ കുമ്പസാരം കഴിക്കുയും ചെയ്തു. കുമ്പസാരത്തിൽ അയാൾക്കു ലഭിച്ച പ്രായശ്ചിത്തം തീരെ തുഛമായിരുന്നു. ഇതിനാൽ വിസ്മയഭരിതനായി അവനെഴുനേറ്റ് നോക്കിയപ്പോൾ വിശുദ്ധനെ അവിടെയെങ്ങും കാണ്മാനില്ല. പാപി സമീപപ്രദേശങ്ങളിലെല്ലാം നോക്കി, നോക്കി ചെന്നപ്പോൾ ഒരു കൊക്കോതോട്ടത്തിൽവെച്ച് ശപരിയാരെ കണ്ടെത്തി. വിശുദ്ധനെന്തു ചെയ്യുകയായിരുന്നു?. കൊരടാവുകൊണ്ടു തന്നെത്താൻ പ്രഹരിക്കുയായിരുന്നു. അതായിരുന്നു പാപിയുടെ ശരിയായ പ്രായശ്ചിത്തം. ഒരു മഹാ പ്രസംഗത്തെക്കാൾ കൂട്ടുതലായി ഈ കാഴ്ച അവനെ ഇളക്കി. ഈ സേനാനി മുമ്പോട്ടു ചാടിക്കൊണ്ടു വിശുദ്ധന്റെ കരങ്ങളിൽനിന്നും ചമ്മട്ടി വാങ്ങി രക്തം ചൊരിയുന്നതുവരെ തന്നെത്താൻ അടിച്ചു.

തദനന്തരം മാനസാന്തരപ്പെട്ട ഈ പാപി ഒരുത്തമ ക്രിസ്ത്യാനിയായി ജീവിക്കുയും ചെയ്തു.

പതിമ്മൂന്നാം അദ്ധ്യായം

ശവരിയാരും മാർത്താണ്ഡവർമ്മ മഹാരാജാവും

പരവജനത്തെ ഒന്നാകെ വിശ്വാസത്തിൽ ജ്ഞാനസ്നാനപ്പെടുത്തിയശേഷം കൊമ്പുത്തുറയിൽ താമസിച്ചിരിക്കെ ക്രൂരജാതിക്കാരായ വടുകന്മാർ ക്രിസ്തീയ പരവരെ ഉപദ്രവിക്കുന്നതായി അദ്ദേഹത്തിന് അറിവു കിട്ടി. വടുകർ തിരുവിതാംകൂറിനും തിരുനൽവേലിക്കും മദ്ധ്യേയുള്ള മലകളിൽ താമസിച്ചിരുന്ന ഒരു തരം അപരിഷ്കൃത ജനങ്ങളാണ്. ഇവരെ കീഴടക്കുന്നതിനായി അദ്ദേഹം മണപ്പാടേക്കു പോവുകയും തിരുവിതാംകൂർ മഹാരാജാവിനും കൊച്ചീഗവണ്മെന്റിനും എഴുത്തുകളയക്കയും ചെയ്തു. ഇതനുസരിച്ചു ഗവണ്മെന്റ് ഒരു യുദ്ധകപ്പലയക്കുകയും, മഹാരാജാവു വടുകപ്രധാനിയുടെ പക്കലേക്കു ഒരു ദൂതനെ അയക്കുകയും ഉണ്ടായി. ഈ ദൂതനെപ്പറ്റി വിശ്വാസത്തിൽ ഫാദർമൻസില്ലാസിന് ഇങ്ങനെ എഴുതി: "തിരുവിതാംകൂർ മഹാരാജാവിന്റെ ദൂതനായ ഒരു ബ്രാഹ്മണൻ ഉടനെ വരും. അദ്ദേഹത്തെ തൂത്തുക്കുടിയിലേക്കു കൊണ്ടുപോകുന്നതിന് ഒരു ബോട്ടു തയാറാക്കിക്കൊള്ളണം." വിശ്വാസത്തിൽ പിന്നും എഴുതുന്നു. "മഹാരാജാവും ഞാനുമായുള്ള വേഴ്ചയെപ്പറ്റി വടുകന്മാർ ഇപ്പോഴേക്കും അറിഞ്ഞിട്ടുണ്ട്, അവരുടെ പ്രമാണി, മഹാരാജാവുമായി പരസ്യമത്സരത്തിലാണെന്നുള്ളതും, അവർ അദ്ദേഹത്തെ അനുസരിക്കുന്നില്ലെന്നുള്ളതും വാസ്തവമാണെങ്കിലും, അവരിപ്പോഴും തിരുവിതാംകൂർ മഹാരാജാവിന്റെ കീഴിലാണെന്നാണ് വയ്പ്. ഞാൻ തിരുവിതാംകൂറിലേക്കു ഉടനെതന്നെ ചെല്ലണമെന്നു കാണിച്ച് മഹാരാജാവു തിരുമനസ്സുകൊണ്ട് എനിക്കൊരു ക്ഷണക്കത്തയച്ചിട്ടുമുണ്ട്. അതിനാൽ തൂത്തുക്കുടിയിൽനിന്നും പാമ്പാരിൽനിന്നും ബഹിഷ്കൃതരായ ക്രിസ്ത്യാനികളെ തിരുവിതാംകൂറിൽ താമസിപ്പിക്കുവാനായി അങ്ങോട്ടു പോകുവാൻ ഞാൻ ഉറച്ചിരിക്കയാണ്."

തിരുവിതാംകൂർ മഹാരാജാവിന്റെ സഹായം ഫലപ്രദമായിത്തീർന്നു. ആയിരത്തി അഞ്ഞൂറിയമ്പത്തുനാലു സെപ്തംബർമാസത്തോടെ കടൽത്തീരത്തിൽ വടുകജാതികളുടെ ഉപദ്രവം ഇല്ലാതായി. എങ്കിലും രണ്ടുമാസംകൂടി വിശ്വാസത്തിൽ അവിടെ താമസിച്ചു. പരവജാതിയുടെ സകല കാര്യങ്ങളും ഫാദർ കൊയിലോയെ ഏല്പിച്ചുംവെച്ച്, നവംബർമാസാരംഭത്തിൽ അദ്ദേഹം തിരുവിതാംകൂറിലേക്കു പുറപ്പെട്ടു. കരമാർഗ്ഗമാണ് വിശ്വാസത്തിൽ യാത്ര ചെയ്തത്. അന്നത്തെ തലസ്ഥാനമായ പദ്മനാഭപുരത്തെത്തി ഉദയമാർത്താണ്ഡവർമ്മ മഹാരാജാവിനെ മുഖം കാണിച്ചു. മഹാരാജാവും വിശ്വാസത്തിനും തമ്മിൽ നടന്ന അഭിമുഖസംഭാഷണം എന്തായിരുന്നിരിക്കുമെന്നു വാക്കിനു വാക്കായി നമുക്ക് അറിഞ്ഞുകൂടെങ്കിലും, തിരുവിതാംകൂർ ഒട്ടുക്കു ക്രിസ്തുവേദം പ്രസംഗിക്കുന്നതിനും ഇഷ്ടമുള്ളവർക്കൊക്കെ മാമ്മോദീസാ സ്വീകരിക്കുന്നതിനും ആ രാജർഷി അനുവദിച്ചു എന്നും സിദ്ധനേ ബഹുമാനപൂർവ്വം സ്വീകരിച്ചു എന്നും ഉള്ളതിനു രണ്ടു പക്ഷമില്ല. ഇപ്പോഴേക്ക് ശവരിയാർ തമിഴ്ഭാഷ നല്ലവണ്ണം പഠിച്ചു കഴിഞ്ഞതുകൊണ്ട് തമിഴ് സംസാരിക്കുന്ന തെക്കൻതിരുവിതാംകൂറുകാരുടെ ഇടയിൽ അദ്ദേഹം വേദം പ്രസംഗിച്ചു. കൊല്ലത്തുനിന്നും വടക്കോട്ട അദ്ദേഹം

യാത്ര ചെയ്തിട്ടില്ല. കന്യാകുമാരിമുതൽ കൊല്ലംവരെയുള്ള കടൽത്തീരവാസികളേവരേയും അദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തി. അദ്ദേഹം എഴുതുന്നു:—"തിരുവിതാംകൂർ രാജ്യത്ത് ഒരു മാസത്തിനിടയ്ക്കു പതിനായിരത്തിൽപരം ഹിന്ദുക്കളെ ഞാൻ മാമ്മോദീസാ മുക്കി." കുറെ മാസങ്ങൾക്കുശേഷം തെക്കൻതിരുവിതാംകൂറിൽ എത്തിയ ഫാദർ ഫ്രാൻസിസ് ഹെൻറിക്കസിന്റെ സാക്ഷ്യപ്രകാരം ആ തീരത്തു തന്നേ ഇരുപതിനായിരം പേർ നമ്മുടെ സിദ്ധനിൽനിന്നും മാമ്മോദീസാ കൈക്കൊണ്ടു. ക്രിസ്തുമതത്തിന്റെ വിസ്മയനീയമായ ഈ പ്രചാരം ബ്രാഹ്മണവർഗ്ഗത്തിന്റെ ശത്രുതയ്ക്കു വിഷയമായതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. എങ്കിലും അവരുടെ വിരോധം നമ്മുടെ സിദ്ധനു യാതൊരുപദ്രവവും വരുത്തിയില്ല. മഹാരാജാവിന്റെ സഹായം സിദ്ധൻ കൃതജ്ഞതാപൂർവ്വം സമ്മതിക്കയും ചെയ്തു. അങ്ങനെ ഇരിക്കയിൽ മധുരയിലെ രാജാവു വലിയ യുദ്ധസന്നാഹങ്ങളോടുകൂടി തിരുവിതാംകൂറിനെ ആക്രമിക്കുന്നതിനായി പുറപ്പെട്ടു. ഈ ആക്രമണം അപ്രതീക്ഷിതമായി സംഭവിച്ചതിനാൽ തിരുവിതാംകൂർ മഹാരാജാവു വല്ലാതെ വ്യസനിച്ചു. മധുരരാജാവിന്റെ സേനകളുടെ ആധിക്യവും തിരുവിതാംകൂറിലെ പടയാളികളുടെ കുറവും ഓർക്കുമ്പോൾ വിജയം ഏതു ഭാഗത്തായിരിക്കുമെന്ന് ഊഹിക്കാമല്ലോ. എങ്കിലും ഫ്രാൻസീസ്, മഹാരാജാവിനെ ധൈര്യപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തോടുകൂടി യുദ്ധക്കളത്തിലേക്കു പുറപ്പെട്ടു. പ്രധാന യുദ്ധത്തിന്റെ ആരംഭദിവസം വിശുദ്ധൻ മഹാരാജാവിനെ അഭിവാദ്യം ചെയ്തശേഷം തുങ്ങപ്പെട്ട രൂപം മാത്രം ആയുധമായി എടുത്ത് ആറമുളയിൽകൂടി ഇറങ്ങിച്ചെന്ന ശത്രുസൈന്യങ്ങളുടെ മുമ്പാകെ അത് ഉയർത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു:—"ബലവാനായ ദൈവത്തിന്റെ നാമത്തിൽ നിങ്ങൾ മുമ്പോട്ട് ഒരടി വച്ചുകൂടായെന്ന ഞാൻ ആജ്ഞാപിക്കുന്നു." ഉടനെതന്നേ അവർ സ്തംഭിതരായി നിന്നുപോയി. പിറകെ വന്ന സൈന്യം മുമ്പോട്ടു ഗമിച്ചെങ്കിലും, അവക്കു അധികം മുമ്പോട്ടുപോകുന്നതിനു സാധിച്ചില്ല. എന്തെന്നാൽ "കറുത്തവസ്ത്രം ധരിച്ച ഒരു രാക്ഷസൻ വഴി തടയുന്നതായും അയാളുടെ മുഖകാന്തിയാൽ എല്ലാം ഇരുണ്ടുപോകുന്നതായും അവക്കു തോന്നി. ഈ കഥ മനസ്സിലാകാതെ രോഷാകുലന്മാരായ ഉയർന്ന ഉദ്യോഗസ്ഥന്മാർ മുമ്പോട്ടു ചെന്നപ്പോൾ അവരും ഭയവിഹ്വലരായിത്തീർന്നു. തന്നിമിത്തം സൈന്യമാസകലം ഭയപ്പെട്ട് ഓടിപ്പോകുന്നതിനിടയായി. മഹാരാജാവു തിരുമനസ്സുകൊണ്ടു വിവരം അറിഞ്ഞു വിശുദ്ധന്റെ സമീപത്തു ചെന്ന സന്തോഷാശ്രുക്കളോടുകൂടി ഇപ്രകാരം പ്രസ്താവിച്ചു: "മഹാരാജാ" വെന്നാണ് എന്നെ എല്ലാവരും അഭിസംബോധനം ചെയ്യുന്നതു. ഇന്നുമുതൽ അവിടുന്നു "മഹാപിതാ" വെന്നു വിളിക്കപ്പെടണം; ഞാൻ ക്രിസ്ത്യാനികളുടെ സംരക്ഷകനായിരിക്കുന്നതുമാണ്."



രാത്രിസമയത്തു വിശുദ്ധൻ എന്തു ചെയ്യുയാണെന്നു അറിവാനായിട്ടു ഏതാനും പേർ നോക്കിയ സമയം കണ്ട കാഴ്ചയാണ് ഇതു്.

പതിനാലാം അദ്ധ്യായം

നിശാപ്രാർത്ഥന

1545

മനുഷ്യൻ ഈശ്വരസന്നിധിയിലാണ് സർവ്വഥാ വ്യാപരിക്കുന്നതെന്നു വിചാരിച്ചുകൊണ്ടു ശപരിയാർ കഷ്ടാനുഭവങ്ങളും മറവും ഉണ്ടാകുമ്പോൾ സഹൃദയത്തെ ദൈവത്തിൻ പക്കലേക്കു ഉയർത്തിക്കൊണ്ടു്, "കർത്താവേ! പോരാ! ഇനിയും തരേണമേ!" എന്നു അപേക്ഷിക്കുക പതിവായിരുന്നു. പ്രത്യുത ദൈവം ആശ്വാസങ്ങളെ അയക്കുമ്പോൾ "മതി! കർത്താവേ! മതി" എന്നു് പ്രാർത്ഥിക്കും.

കപ്പൽയാത്ര ചെയ്യുന്ന അവസരത്തിൽ പാതിരാവു മുതൽ വെളുപ്പുമാകുന്നതുവരെ പുണ്യവാൻ ധ്യാനിച്ചുകൊണ്ടിരിക്കുന്നതായി കപ്പൽക്കാർ പല പ്പോഴും കാണാറുണ്ടായിരുന്നു. ഇദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ കാറ്റും പിശറും ഉണ്ടായേക്കും എന്നൊരു ഭയം കപ്പൽക്കാക്കില്ലായിരുന്നത്രേ. മൈലാപ്പൂരിലെ തോമ്മാശ്ലീഹായുടെ കവറിടത്തുങ്കൽ നമ്മുടെ കഥാനായകൻ മൂന്നു മാസക്കാലം താമസിച്ചു. ഇതിനിടയിൽ മിക്കപ്പോഴും മറ്റുള്ളവർ ഉറക്കം പിടിച്ചു എന്നു കണ്ടാലുടനെ പുണ്യവാൻ സാവധാനത്തിൽ കിടക്കയിൽനിന്നെഴുനേറ്റു് പള്ളിയകത്തു ചെന്നു കിഴക്കൻരാജ്യങ്ങളിലേക്കുള്ള പ്രയാണത്തിൽ ദൈവസഹായം ലഭിക്കുന്നായി പ്രാർത്ഥിക്കയും തപസ്സു ചെയ്യുയും പതിവായിരുന്നു.

മൈലാപ്പൂരിൽനിന്നു മലാക്കായിക്കു പുറപ്പെട്ടു. അപ്പിടെ കടൽത്തിരത്തു താമസമാക്കി. രാത്രിയിൽ ഇദ്ദേഹം എന്തു ചെയ്യുയായിരിക്കാമെന്നു് അറിയുവാൻ സ്നേഹിതന്മാക്കു കൗതുകം തോന്നി. അവർ രഹസ്യമായി മുറിയിലെത്തി നോക്കിയപ്പോൾ എന്താണ് കണ്ടതു്? ഒരു മേശയും അതിന്മേൽ ഒരു തൂങ്ങപ്പെട്ട രൂപവും, മൂടപ്പെട്ടിരുന്ന ഒരു കുരിശും, നമസ്കാര പുസ്തകവും; അടുത്തു തന്നേ ഒരു കട്ടിലും തലയിണയുടെ പകരം ഒരു കല്ലും കിടപ്പുണ്ടു്. വിശുദ്ധൻ തൂങ്ങപ്പെട്ട രൂപത്തിൻമുമ്പാകെ നിലത്തു മുട്ടുകുത്തി കൈകൾ ഉയർത്തിപ്പിടിച്ചു ധ്യാനിക്കുന്നതായും പ്രത്യക്ഷപ്പെട്ടു.

വിശുദ്ധ ശപരിയാർ ഇപ്രകാരമായിരുന്നു ജീവിതം നയിച്ചതു്. സുവിശേഷപ്രസംഗത്തിനു പോകുവാനായി ഇപ്രകാരമാണ് നമ്മുടെ പുണ്യവാൻ ഒരുങ്ങിയതു. സർവ്വേശ്വരൻ അദ്ദേഹത്തെ അനുഗ്രഹിക്കയും ചെയ്തു.



പുണ്യവാന്റെ പരിചാരകനായി കൂട്ടത്തിൽ നടന്ന ഹാറിമിലെ മാനേലിനെ പുണ്യവാൻ വേദം പഠിപ്പിക്കുന്നതു്.

പതിനഞ്ചാം അദ്ധ്യായം

ആംബോയിനായിൽ

1546

മലാക്കായിൽനിന്നും ശവരിയാർ അംബോയിനാ എന്ന ദ്വീപിലേക്കു പുറപ്പെട്ടു. പണ്ടേതന്നേ ഇവിടെ ഏഴു ഗ്രാമക്കാർ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ടായിരുന്നു. അവിടത്തെ വൈദികൻ നിയ്യാതനായശേഷം പിന്നും ഒരു ഇടയനെ ലഭിക്കാതെ ജനങ്ങൾ കഷ്ടപ്പെടുന്നുണ്ടായിരുന്നു. അതിനും പുറമേ അയൽഗ്രാമവാസികളായ മഹമ്മദീയ "ചെന്നാ"യ്ക്കളുടെ ശല്യവും ഒട്ടും കുറവല്ലായിരുന്നു.

ഒരും ക്രിസ്ത്യാനികളെ നമ്മുടെ വിശ്വാസൻ അന്വേഷിച്ചു ചെന്ന് കണ്ടുപിടിക്കുകയും അവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. ഹാട്ടിമിലെ മനുവേലായിരുന്ന ശവരിയാരുടെ വഴികാട്ടി. അവൻ വിശ്വാസത്തിന്റെ ശ്രേഷ്ഠചിഹ്നം, നമസ്കാരപുസ്തകവും സസന്തോഷം വഹിച്ചുകൊണ്ട് നടക്കുകയും പുണ്യവാൻ പറഞ്ഞുകൊടുക്കുന്ന സദുപദേശങ്ങളെ ശിരസാ വഹിക്കുകയും പതിവായിരുന്നു. പന്ത്രണ്ടു വർഷങ്ങൾക്കുശേഷം മഹമ്മദീയന്മാർ ഈ ക്രിസ്ത്യാനികളോട് മൂന്നു വർഷത്തോളം യുദ്ധം ചെയ്തുയുണ്ടായി. എങ്കിലും അവരിൽ ഒരുവൻപോലും ക്രിസ്തുമതം ഉപേക്ഷിച്ചില്ല. ക്രിസ്ത്യാനികളുടെ നായകത്വം വഹിച്ചതു ഒരു ധീരയോദ്ധാവായിരുന്നു. ഈ യോദ്ധാവു് നമ്മുടെ മനുവേൽ തന്നേ ആയിരുന്നു.

"നിങ്ങളുടെ മതം ഉപേക്ഷിച്ചു കീഴടങ്ങുക" എന്നു മഹമ്മദീയർ ജയഭേരി മുഴക്കി. കിലാങ്ങിലെ ക്രിസ്ത്യാനികളെ വളഞ്ഞശേഷമാണ് ഇവർ വിളിച്ചിട്ടഹസിച്ചതു. ഉടനെ തന്നേ ഹാട്ടിമിലെ മനുവേൽ "ആയുഷ്കാലത്തോളം ഞങ്ങൾ കീഴടങ്ങുകയില്ല" എന്നു ഉച്ചത്തിൽ മറുപടി പറകയും അതിന്റെ പ്രതിധ്വനി ദിക്കെങ്ങും മുഴങ്ങുകയും ചെയ്തു. തൽക്ഷണം അവർ ഹാട്ടിമിനോടു യുദ്ധം തുടങ്ങി. മൂന്നു മാസക്കാലത്തോളം അവൻ മഹമ്മദീയരോടു പൊരുതു. പിന്നീടു പോർട്ടുഗീസുസൈന്യം ആഗതമായതിനോടെ മഹമ്മദീയർ തോല്പിക്കപ്പെടുകയും ചെയ്തു. ഇത്ര വലിയ അപകടങ്ങളിൽ ഇത്ര വലിയ ധൈര്യം ഉണ്ടായതെങ്ങനെയെന്ന് ഒരു മിഷ്യനറി പിന്നീടു മനുവേലിനോടു് ചോദിക്കയുണ്ടായി.

അദ്ദേഹം മറുപടി പറഞ്ഞു: "ആംബോയിനിയൻകാട്ടിലെ അജ്ഞനായ ഒരു ബലഹീനനാണ് ഞാൻ. എങ്കിലും ഒരു സംഗതി വിശ്വാസ ശവരിയാർ എന്നെ പഠിപ്പിച്ചിട്ടുണ്ട്. അതു് : ഈശോമിശിഹായിക്കുവേണ്ടി മരിക്കുന്നതു നല്ലതും നിതിയുക്തവുമാണെന്നുള്ളതാണ്."



സേരാം ലിപിലേസ്സുള്ള യാത്രയിൽ വിശ്രുതന്റെ തുടങ്ങപ്പെട്ട രൂപം നഷ്ടപ്പെട്ടാറെ, അതു ഒരു ഞണ്ടിനാൽ വഹിക്കപ്പെട്ട വീണ്ടുകിട്ടുന്നതു്.

പതിനാറാം അദ്ധ്യായം

കളഞ്ഞുകിട്ടിയ തുങ്ങപ്പെട്ട രൂപം

1545

ഒരിക്കൽ ശവരിയാർ ഒരു ചെറിയ ബോട്ടിൽ കയറി അംബോയിനായിൽനിന്നും സേരാം എന്ന ദ്വീപിലേക്കു പുറപ്പെട്ടു. ഒരു ദ്വീപിൽ ഇതുവരെയും സുവിശേഷം പ്രസംഗിക്കപ്പെട്ടിട്ടില്ലായിരുന്നു. മാർഗ്ഗമദ്ധ്യേ വലുതായൊരു കാറ്റും പിശറും ഉണ്ടാവുകയും എല്ലാവരും ഭയവിഹ്വലരാവുകയും ചെയ്തു. ബോട്ടു മുങ്ങി മരിക്കുമെന്ന് ഏവരും തിരുമാനിച്ചു. അപ്പോൾ നമ്മുടെ വിശുദ്ധൻ തുങ്ങപ്പെട്ട രൂപം കഴുത്തിൽനിന്നും എടുത്തു കടലിൽ താഴ്ത്തിപ്പിടിച്ചുകൊണ്ടു "മിശിഹായുടെ ദംഗപ്പാടും കുരിശുമരണവും ഓർത്ത് ഈ അപകടത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ" എന്നു പ്രാർത്ഥിച്ചു. പ്രാർത്ഥനാമദ്ധ്യേ ചരടു പൊട്ടി രൂപം വെള്ളത്തിലാണ്ടുപോകുന്നതിനിടയായി. നമ്മുടെ വിശുദ്ധന് ഇതു വലിയ ഖേദത്തിനു കാരണമായിത്തീർന്നതിൽ വിസ്മയിപ്പാനില്ലല്ലോ. എങ്കിലും അവർ ആസന്നമരണത്തിൽനിന്നും രക്ഷപ്പെട്ടു; ശാന്തമായും സമാധാനമായും നിർദ്ദിഷ്ടസ്ഥലത്തെത്തി. ഫാവുസ്തോ റൊഡ്രിഗസ് എന്നൊരു പടയാളിയുടെ അകമ്പടിയോടുകൂടി ശവരിയാർ മറ്റൊരു ഗ്രാമത്തിലേക്കു പുറപ്പെട്ടു. പക്ഷേ കുറെ ചെന്നപ്പോൾ ഒരത്ഭുതസംഭവം ഉണ്ടായി. അതു മറ്റൊന്നുമല്ല; മാർഗ്ഗമദ്ധ്യേ നഷ്ടപ്പെട്ട തുങ്ങപ്പെട്ട രൂപം വഹിച്ചുകൊണ്ട് ഒരു ഞണ്ടു വെള്ളത്തിൽനിന്നിതാ കയറിവരുന്നു! കുരിശുരൂപം പുണ്യവാനെ ഏല്പിച്ചശേഷം ആ ജലജന്തു കടലിലേക്കു തന്നെ മടങ്ങുകയും ചെയ്തു. ശവരിയാരും കൂട്ടുകാരും അവിടെത്തന്നെ മുട്ടുകുത്തി അരമണിക്കൂർനേരത്തോളം ദൈവത്തിനു നന്ദി പ്രകാശിപ്പിച്ചശേഷം, ടാമിലോ എന്ന സ്ഥലത്തേക്ക് പോയി. അവിടെ എത്തി, എട്ടു ദിവസത്തോളം താമസിച്ച് സുവിശേഷം പ്രസംഗിച്ചെങ്കിലും ആ ദേശക്കാരിൽ ഒരുത്തരുംതന്നെ ക്രിസ്ത്യാനസ്നാനപ്പെട്ടില്ല.





മനുഷ്യരെ കൊന്നു തിന്നുന്നവരായ അൽഫുരുസ് ജാതിക്കാരുടെ ഇടയിൽ ചെന്ന ശവരിയാർ വേദം പ്രസംഗിക്കുന്നതു്.

പതിനേഴാം അദ്ധ്യായം

നരഭക്ഷകരുടെ ഇടയിൽ

1546

സേരാംദ്വീപിൽനിന്നും നസാലാട്ടദ്വീപിലേക്കാണ് വിശുദ്ധ ശവരിയാർ യാത്ര പുറപ്പെട്ടത്. അവിടെയാണ് നരഭക്ഷകരായ ആൽഫുരസ് എന്ന അപരിഷ്കൃതവർഗ്ഗക്കാർ താമസിച്ചുവന്നത്. യുദ്ധത്തിൽ മൃതന്മാരാകുന്ന സൈന്യങ്ങളുടെ ശരീരം ഭക്ഷിക്കുന്നതിന് ഇവർ കൊതിച്ചിരുന്നത്രേ! ഇവരെ സത്യമതത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി പുണ്യവാൻ കുറെ നാൾ അവരുടെ ഇടയിൽ താമസിച്ചു. എങ്കിലും അവരുടെ മനസ്സ് ഇളകാഞ്ഞതിനാൽ ഭഗ്നാശയനായി അദ്ദേഹം ഫൗസ്റ്റോറൊഡ്രിക്സിനോട്ടകൂടി ആംബോയിനായ്ക്ക് മടങ്ങുകയാണ് ചെയ്തത്.

എങ്കിലും നസ്സലാട്ടദ്വീപിൽവച്ച് ഒരു യുവാവിനെ ശവരിയാർ ക്രിസ്ത്യാനസ്നാനപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ പുതുക്രിസ്ത്യാനിക്ക വിശുദ്ധന്റെ പേരുതന്നെ നൽകിയശേഷം അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഫ്രാൻസിസേ, ദൈവാനുഗ്രഹത്തിൽ വിശ്വാസത്തോടെ ഇരിക്കു. നിനക്കു സിദ്ധിച്ചിരിക്കുന്ന വിശുദ്ധമായ വിശ്വാസത്തിൽ നീ സ്ഥൈര്യമായിരിക്കുക. ഒടുവിൽ ഈശോയുടെ തിരുനാമം ഉച്ചരിച്ചുകൊണ്ട് മരിക്കുന്നതിനു നിനക്കിടയാകും."

പിന്നീട് ഈ യുവാവ് ഒരു യോദ്ധാവായിത്തീരുകയും മഹമ്മദീയരുമായി പലേ യുദ്ധങ്ങൾ ചെയ്കയും ഉണ്ടായി. ഒരിക്കൽ "യമാഹ" എന്ന കോട്ടയെ ആക്രമിച്ചുകൊണ്ടിരിക്കയിൽ ശത്രുപക്ഷത്തുനിന്നും പുറപ്പെട്ട ഒരു വെടിയുണ്ടയേറ്റു നിലം പതിച്ചു; ഇയ്യാളുടെ സഹായത്തിനോടിയെത്തിയ ഫൗസ്റ്റോറൊഡ്രിഗസ്സിന്ന്, "ഈശോ! ഈശോ!" എന്നുള്ള മൃദുശബ്ദം മരണാസന്നനായ യോദ്ധാവിന്റെ അധരപുടങ്ങളിൽനിന്നും നിർഗ്ഗമിക്കുന്നതു കേൾക്കുന്നതിനിടയായി. ഇങ്ങനെ പുണ്യവാന്റെ ദിഷ്ടദർശനം സഫലമാവുകയും ചെയ്തു.

ശവരിയാർ മരിച്ചിട്ട് ഏറെ വർഷങ്ങൾക്കുശേഷം ഡച്ചുപ്രോട്ടസ്റ്റന്റുകാർ ആംബോയിനാദ്വീപ് കൈവശപ്പെടുത്തുകയും അവരുടെ ഇടത്തുടിലേക്കു ചേരുന്നതിനു ക്രിസ്ത്യാനികളെ നിർബ്ബന്ധിക്കയും ചെയ്തതിനും പുറമെ സത്യവിശ്വാസസ്ഥാപനത്തിനു വിശ്വസ്തതയോടെ പ്രവർത്തിച്ച ഫൗസ്റ്റോറൊഡ്രിഗസിനെ അവർ ബഹിഷ്കരിക്കയും ചെയ്തു. പിന്നീട് ഫിലിപ്പയിൻദ്വീപിൽവച്ചു അദ്ദേഹം ഭാഗ്യമരണം പ്രാപിക്കയും ഉണ്ടായി.



വിദേശിയക്ക വിക്കം കൊടുക്കുന്ന ക്രൂരന്മാരായ മോറോ ജനങ്ങളുടെ പക്കലേക്ക പോകരുതേയെന്ന പോർത്തുഗിസ്ഗവർണർ ശവരിയാരോട പ്രാർത്ഥിക്കുന്നതും, യാത്രയ്ക്ക ബോട്ട കൊടുക്കയില്ലെങ്കിൽ നീന്തിയെങ്കിലും പോകുമെന്ന സിലൻ പറയുന്നതും.

പതിനെട്ടാം അദ്ധ്യായം

ടെർനേറ്റ് ദ്വീപിന്റെ തിരത്ത്

1546

ആംബോയിനായിൽ നിന്നും ശവരിയാർ ടേർനേറ്റ് ദ്വീപിലേക്കു പുറപ്പെട്ടു. ഈ സ്ഥലം, മസാലവ്യാപാരത്തിന്റെ കേന്ദ്രസ്ഥാനമായിരുന്നു. കടൽത്തീരത്തു പോർട്ടുഗീസുകാക്ക് ഒരു കോട്ടയുണ്ടായിരുന്നെങ്കിലും ശക്തിമാനായ ഒരു മഹമ്മദീയ രാജാവായിരുന്ന ഈ ദ്വീപിനെ ഭരിച്ചുകൊണ്ടു വന്നത്. ഇവിടെ ഉണ്ടായിരുന്ന വിശ്വാസികളുടേയും അവിശ്വാസികളുടേയും ഇടയിൽ വിശുദ്ധ ശവരിയാർ മൂന്നു മാസക്കാലം താമസിച്ചു. തൽഫലമായി രാജാവിന്റെ അമ്മയും ഏതാനും പ്രഭുക്കന്മാരും മാനസാന്തരപ്പെടുകയുണ്ടായി. തദനന്തരം അദ്ദേഹം മോറോദ്വീപിലേക്കു പോകുവാനാഗ്രഹിച്ചു. ഈ ദ്വീപിലെ ജനങ്ങൾ വിദേശിയരായ അതിഥികൾക്കു വിഷം കലർത്തിയ ഒരു തരം ഭക്ഷണം നല്കുന്ന ക്രൂരന്മാരായിരുന്നു. ഇവർ പന്ത്രണ്ടു വർഷങ്ങൾക്കു മുമ്പ് മാമ്മോദീസാ മുങ്ങിയവരായിരുന്നെങ്കിലും പിന്നീടു അതിപ്പോറാ പരിത്യജിച്ചുകൊണ്ട് അവരുടെ പട്ടക്കാരനെ കൊന്നുകളഞ്ഞു. തന്നിമിത്തം ഇവർ രാജദ്രോഹികളെന്നു വിളിക്കപ്പെട്ടു. ആയുധപ്രയോഗത്തിൽ പിന്നീടു അവർ പരാജിതരായിത്തീർന്നെങ്കിലും വീണ്ടും അവരുടെ ഇടയിൽ ചെന്നു സുവിശേഷം പ്രസംഗിക്കുന്നതിന് ആരും ധൈര്യപ്പെട്ടില്ല.

ഇവരുടെ മാനസാന്തരത്തിനായിട്ടാണ് നമ്മുടെ വിശുദ്ധനെ ഈ സ്ഥലത്തേക്കു അയക്കുന്നതിനു ദൈവം തിരുമനസ്സായതു്.

ഇത്ര ദുഷ്കടമായ സ്ഥലത്തേക്കു പോകരുതെന്നു ശവരിയാരുടെ സ്നേഹിതന്മാർ കണ്ണുനീരോടെ പ്രാർത്ഥിച്ചു. പക്ഷേ അതുകൊണ്ടു ഒരു ഫലവും ഉണ്ടായില്ല. സംരക്ഷയ്ക്കു ഏതാനും പടയാളികളേയെങ്കിലും കൊണ്ടുപോകണമെന്ന് അവർ നിർബ്ബന്ധിച്ചപ്പോൾ "ദൈവവിശ്വാസമാകുന്ന എല്ലാറ്റിലും വലിയ രക്ഷ" എന്നു അദ്ദേഹം മറുപടി പറഞ്ഞു.

ഇതു കേട്ടു ജനങ്ങൾ ഗവർണ്ണറിന്റെ അടുക്കൽ ചെന്നു സങ്കടമറിയിച്ചു. ശവരിയാക്കു പോകുന്നതിനു പോർട്ടു കൊടുക്കാതിരുന്നാൽ അവരുടെ അഭീഷ്ടം സാധിക്കുമെന്നാണ് അവർ വിചാരിച്ചുപോയതു. പക്ഷേ എന്തു സംഭവിച്ചു? ശവരിയാർ ധൈര്യസമേതം ഗവണ്ണരോടു പറഞ്ഞു—"ദൈവനിശ്ചയത്തിനു വിപരീതമായി പ്രവർത്തിപ്പാൻ നിങ്ങൾ ഒരുങ്ങിയിരിക്കയാണെങ്കിൽ, അക്കാര്യം നിറവേറ്റുന്നതിനാണ് ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതു്."—സിദ്ധന്റെ ഈ ദൃഢനിശ്ചയം കണ്ടുകൊണ്ടു ഒടുവിൽ പോർട്ടുഗീസ് ഗവണ്ണർ അദ്ദേഹത്തിനു യാത്രക്കു വേണ്ട ഒത്താശകളെല്ലാം നല്കി.



ഗവർണർ നിർബ്ബന്ധപൂർവ്വം അയച്ച പടയാളികളോട്കൂടി ഇണ്ടപ്പെട്ട രൂപം
ഉയർത്തിപ്പിടിച്ചുകൊണ്ട് വിശുദ്ധൻ മോറോട്ടിപിടിക്കു പോകുന്നു.


പത്തൊൻപതാം അദ്ധ്യായം

മോറോദ്വീപുകളിൽ

1546

ഒരു നല്ല അജപാലനെപ്പോലെ നഷ്ടപ്പെട്ടുപോയ ആട്ടിൻകൂട്ടങ്ങളെ അന്വേഷിച്ചു വിശുദ്ധ ശവരിയാർ മോറോദ്വീപിൽ എത്തി. ഉപേക്ഷിക്കപ്പെട്ടിരുന്ന ഈ കാട്ടാളന്മാരെ സംബന്ധിച്ചുണ്ടായിരുന്ന ഭയം ആഹ്ലാദമായി പരിണമിച്ചു. അവിടത്തെ ക്രിസ്ത്യാനികൾ അജ്ഞന്മാരും അപരിഷ്കൃതന്മാരും ആയിരുന്നു. അവരുടെ വസ്ത്രം മരപ്പട്ട മാത്രമാണ്. ഫലമൂലാദികളായിരുന്നു അവരുടെ പ്രധാനമായ ആഹാരസാധനം. രാജ്യത്തിൽ സഞ്ചാരസൌകര്യാർത്ഥം റോഡുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മുരുക്കും ചില വഴികൾ ഉണ്ടായിരുന്നതു തന്നെ കുന്നുകളിൽക്കൂടിയും വൻകാടുകളിൽക്കൂടിയും ആയിരുന്നു. ഇതിനും പുറമേ ഈ ഊടുവഴികളിൽ പലേടത്തും "താവരോസ്" എന്നു പറയപ്പെട്ടുന്ന ഒരു തരം ഹിംസ്രവർഗ്ഗക്കാരും ഉണ്ടായിരുന്നു. ഈ പ്രകാരമുള്ള ഈ സ്ഥലത്തു വിശുദ്ധ ശവരിയാർ മൂന്നു മാസത്തോളം സുഖമായും സന്തോഷമായും താമസിച്ചു.

തദനന്തരം വിശുദ്ധൻ വീണ്ടും ടേർനേറ്റ് ദ്വീപിൽ എത്തുകയും രാജാവുമായി ക്രിസ്തുമതത്തെപ്പറ്റി പ്രസംഗിക്കയും ചെയ്തു. രാജാവോ! എന്നാൽ! ഒരു നൂറിൽപരം ഭാര്യമാരേയും അസംഖ്യം വെപ്പാട്ടിമാരേയും സംരക്ഷിച്ചിരുന്ന ഒരു മഹമ്മദീയനായിരുന്നു. ഇദ്ദേഹമുണ്ടോ ഏക ഭാര്യാത്വത്തെപ്പറ്റി പഠിപ്പിക്കുന്ന സുവിശേഷം സ്വീകരിക്കുവാൻ പോകുന്നു? അതുമല്ല; ഈ നൂതനമതപ്രസംഗത്താൽ രോഷാകുലനായ രാജാവു ക്രിസ്തുമതപീഡനവും ആരംഭിച്ചു. അമ്പതു വർഷം കഴിഞ്ഞപ്പോഴേക്കും ഡച്ചുകാരായ പ്രോട്ടസ്റ്റൻറുകാരും മഹമ്മദീയരുടെ സഹായത്തിനായി വന്നു ചേർന്നു. ഏതൽഫലമായി പട്ടക്കാർ ബഹിഷ്കൃതരാവുകയും ക്രിസ്ത്യാനിവംശം കൊന്നൊടുക്കപ്പെടുകയും ചെയ്തു. ഇപ്രകാരമായിരുന്നു മോറോദ്വീപിൽ ക്രിസ്തുമതം പ്രായേണ നാമാവശേഷമായിത്തീർന്നത്.



മഹമ്മദീയരായ കടൽക്കൊള്ളക്കാരോടെതിർക്കുവാൻ പോയ പോർത്തുഗിസ്സ് സൈന്യത്തെപ്പറ്റി ദിവ്യനായിട്ടും യാതൊരറിവും കിട്ടാതെ ജനങ്ങൾ വ്യസനിച്ചിരിക്കവേ, ഒരു ഞായറാഴ്ച പള്ളിയിൽവെച്ചു ഏവൻഗെലിയോൻ കഴിഞ്ഞു വിശുദ്ധൻ പ്രസംഗിക്കയിൽ ക്രിസ്ത്യാനികളുടെ വിജയം അത്ഭുതമായി കാണുന്നത്.

ഇരുപതാം അദ്ധ്യായം

ആക്കിൽ എന്നിടത്തു വെച്ചുണ്ടായ വിജയം

1547

വിശുദ്ധ ശവരിയാർ ഗോർണേറിൽനിന്നും മലാക്കായിലേക്കു പുറപ്പെട്ടു. മലാക്കായിലെ ക്രിസ്ത്യാനികളുടെ ആക്കിൽ എന്ന സ്ഥലവാസികളായ കടൽക്കള്ളന്മാരുടെ ആക്രമണങ്ങളിൽനിന്നും രക്ഷ പ്രാപിക്കാൻ മാർഗ്ഗമില്ലാതെ വിഷമിച്ചിരിക്കയായിരുന്നു. ഒരു രാത്രിയിൽ ശത്രുക്കൾ ഒരു വലിയ സൈന്യവ്യൂഹത്തോടുകൂടി നഗരത്തെ ആക്രമിച്ച് വളരെ നാശങ്ങളെ വരുത്തിക്കൂട്ടി. ഉടനെ ശത്രുനിരോധത്തിനു ജനങ്ങൾ ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നു ശവരിയാർ പ്രസംഗിക്കയും പോർട്ടുഗീസുഗവർണ്മെണ്ടിന്റെ സഹായത്തോടുകൂടി കടൽക്കള്ളന്മാരെ കീഴടക്കുന്നതിനു തദ്ദേശവാസികളെ ഉത്സാഹിപ്പിക്കയും ചെയ്തു. യുദ്ധസ്ഥലത്തേക്കു സൈന്യങ്ങളോടുകൂടി ശവരിയാർ പോകുന്നതിന് ആരും അനുവദിക്കായ്കയാൽ അദ്ദേഹം മലാക്കായിൽതന്നെ താമസിച്ചു.

ഇത്ര അധികം സൈന്യങ്ങളോടും കപ്പലുകളോടുംകൂടി പുറപ്പെട്ടവർക്കു ദിവസങ്ങൾക്കുള്ളിൽ ശത്രുസൈന്യങ്ങളെ ബന്ധനസ്ഥരാക്കി, മോഷ്ടിച്ചുകൊണ്ടുപോയ സാമാനസഹിതം അചിരേണ മടങ്ങി എത്തുമെന്നായിരുന്നു എല്ലാവരും പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പത്തു നാല്പതു ദിവസങ്ങൾ കഴിഞ്ഞിട്ടും അവരെപ്പറ്റി യാതൊരു വർത്തമാനവും ലഭിക്കായ്കയാൽ മലാക്കാനിവാസികൾ ഭയവിഹ്വലരായി കാണപ്പെട്ട ജനങ്ങൾ വിശുദ്ധന്റെ മുമ്പാകെ ചെന്നു പിറുപിറുത്തു തുടങ്ങി. പലരും നിരാശന്മാരായിത്തീർന്നു. അനന്തരം അടുത്ത ഞായറാഴ്ച പള്ളിയിൽ പ്രസംഗിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ വിശുദ്ധൻ പെട്ടെന്നു ഇങ്ങനെ പറകയുണ്ടായി "ഇവിടെ പല സ്ത്രീജനങ്ങളും മറുവാദികളെ കണ്ടു യുദ്ധത്തിനു പോയ തങ്ങളുടെ ഭർത്താക്കന്മാരുടെ സ്ഥിതിയെപ്പറ്റി ചോദിച്ചതിൽ അവർ മരിച്ചുപോയി എന്നു കേട്ട് ദുഃഖിതകളായിത്തീർന്നിട്ടുണ്ടു. പ്രിയരേ! നിങ്ങൾ ഇത്ര അല്പവിശ്വാസിനികളായല്ലോ? നേരെ മറിച്ചായിരുന്നു നിങ്ങൾ പ്രവർത്തിക്കേണ്ടിയിരുന്നത്. എന്തെന്നാൽ സർവ്വേശ്വരൻ നമ്മുടെ പടയാളികൾക്കു വിജയം കൊടുത്തിരിക്കുന്നു. ഈ വിവരം താമസിയാതെ ഇവിടെ എത്തുന്നതുമാണ്". ഈ വർത്തമാനം കേൾവിക്കാരെ ഒട്ടധികം വിസ്മയിപ്പിക്കാതിരുന്നില്ല. എന്തെന്നാൽ യുദ്ധത്തിനു പോയവരെപ്പറ്റി യാതൊരറിവും കൂടാതെ ഏവരും വ്യസനാക്രാന്തരായിരിക്കയായിരുന്നു. ഏതൊത്താമസിയാതെ വിശുദ്ധന്റെ ദിവ്യദർശനാനുസരണം പടയാളികൾ ജയഭേരി മുഴക്കിക്കൊണ്ടും അനവധി ദ്രവ്യങ്ങളേയും സാമാനങ്ങളേയും വഹിച്ചുകൊണ്ടും തിരിച്ചെത്തി. മലാക്കായിൽനിന്നും നൂറു നാഴിക അകലെ കടലിൽവെച്ചു വിശുദ്ധൻ പ്രസംഗിച്ചതായ ആ മണിക്കൂറിൽ പോർട്ടുഗീസുസൈന്യം കടൽക്കള്ളന്മാരുടെ കപ്പൽസമൂഹത്തെ നിശ്ശേഷം നശിപ്പിച്ചു.

എ.ഡി. 1548-ൽ ശവരിയാർ ഇൻഡ്യയെ വീണ്ടും സന്ദർശിച്ചശേഷം സ



ജപ്പാനിൽ കാഗോക്കിമാ എന്ന സ്ഥലത്തെ അമ്പലത്തറയിൽ ഇരുന്നുകൊണ്ട് വിശ്വജ്ഞൻ വേദോപദേശപുസ്തകം തുറന്ന മടിയിൽ വെച്ചുകൊണ്ട് സുവിശേഷം പ്രസംഗിക്കുന്നതു്.

ലോണിൽ എത്തി താമസം തുടങ്ങി. പിന്നീട് ഗോവയിലേക്കു പോവുകയും അവിടെനിന്നു ഫ്രഞ്ചുകാർ മേയിമാസത്തിൽ മലാക്കായിലേക്കു വീണ്ടും മടങ്ങുകയും ചെയ്തു.

ഇരുപത്തൊന്നാം അദ്ധ്യായം

ജപ്പാൻരാജ്യത്തിൽ

1549

മലാക്കായിൽനിന്നും ജപ്പാനിലേക്കാണ് ദൈവം ശവ്രിയാരെ വിളിച്ചത്. ഹാൻഷിറോ എന്നൊരു ജപ്പാൻകാരൻ കൊലക്കുറ്റത്തിൽ സംശയിക്കപ്പെട്ടിരുന്നതിനാൽ പോർട്ടുഗീസുകാരുടെ കപ്പലിൽ കയറി ചൈനായിലേക്കു പുറപ്പെട്ടു. അപരാധിയായ യുവാവ് യാതൊരു സമാധാനവും സഹായവും ലഭിക്കാതെ വളരെ കഷ്ടപ്പെട്ടു. ബുദ്ധമതസന്ന്യാസികളും അവനു ശരിയായ ശ്വാസവും നല്കിയില്ല. അങ്ങനെയിരിക്കയിൽ വിശുദ്ധ ശവ്രിയാരെക്കുറിച്ച് ആരോ പറഞ്ഞു കേൾക്കുന്നതിനിടയായി. ഉടൻതന്നെ മലാക്കായിൽ എത്തി പുണ്യവാനെ പലസ്ഥലത്തും അന്വേഷിച്ചു. പക്ഷേ കണ്ടെത്തുന്നതിനു സാധിച്ചില്ല. ഹാൻഷിറോ ഭഗ്നാശയനായി, ജപ്പാനിലേക്കുതന്നെ മടങ്ങി. മാർഗ്ഗമദ്ധ്യേ അവൻ കയറിയിരുന്ന കപ്പൽ കാറ്റും പിശറും നിമിത്തം ചൈനാതീരത്തു് അടുക്കുന്നതിനിടയായി. മരണഭീതിയാൽ ആക്രാന്തനായ ഹാൻഷിറോ ഹൃദയപൂർവ്വം ഈശ്വരസഹായം പ്രാർത്ഥിച്ചു. അനന്തരം നമ്മുടെ യുവാവു ചൈനായിൽനിന്നും മലാക്കായിലേക്കു വീണ്ടും പുറപ്പെട്ടു. ഈ പ്രാവശ്യം ഈശ്വരാനുഗ്രഹത്താൽ പുണ്യവാനുമായി കണ്ടുമുട്ടുകയും മനസ്സമാധാനവും സത്യവിശ്വാസവും സിദ്ധിക്കയും ചെയ്തു. ഇയ്യാളോടുകൂടി വിശുദ്ധൻ ജപ്പാനിലേക്കു കപ്പൽ കയറി. ഫ്രഞ്ചുൻ-ൽ കരേറിത്തുനാളിൽ ജപ്പാന്റെ ദക്ഷിണഭാഗത്തു് കഗോഷിമാ, എന്ന സ്ഥലത്തു് അടുത്തു. അവിടത്തെ രാജാവു് പുണ്യവാനെ യഥായോഗ്യം സല്ക്കരിക്കയും ക്രിസ്തുവേദം പ്രസംഗിപ്പാൻ അനുമതി നല്കുകയും ചെയ്തു. ഹാൻഷിറോയുടെ സഹായത്തോടുകൂടി ശവ്രിയാർ ക്രിസ്തീയ തത്വസാരാംശങ്ങളെ ജപ്പാൻഭാഷയിൽ എഴുതി ഉണ്ടാക്കി പ്രധാന അമ്പലത്തിന്റെ സമീപത്തുനിന്നുകൊണ്ട് എല്ലാ ദിവസവും ഉച്ചത്തിൽ വായിച്ചുതുടങ്ങി. ജപ്പാൻഭാഷ ശരിയായി ഉച്ചരിക്കുന്നതിലുള്ള വിഷമങ്ങളും മറ്റും കണ്ടു ചിലർ ഇദ്ദേഹത്തെ പുച്ഛിച്ചു. എങ്കിലും ഗൌരവബുദ്ധികളായ പലരും വിശുദ്ധന്റെ പ്രാർത്ഥനയാൽ ആകൃഷ്ടരാക്കപ്പെട്ടു. ഈ നൂതന മതം എന്തെന്നു അറിവാനുള്ള ആഗ്രഹത്തോടെ ചിലർ പുണ്യവാന്റെ അടുക്കൽ ചെല്ലുകയും ഒരുനൂറിൽ പരം പേർ മാനസാന്തരപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവരുടെ ഒരുക്കവും അന്വേഷണബുദ്ധിയും ശവ്രിയാരെ അതിയായി ആനന്ദിപ്പിച്ചു. അദ്ദേഹം ഇപ്രകാരം എഴുതുകയുണ്ടായി. "ഇതുവരെയും അറിയപ്പെട്ടിട്ടുള്ളവരിൽ ഏറ്റം നല്ല ആളുകൾ ജപ്പാൻകാരാണ്. അവിശ്വാസികളുടെ കൂട്ടത്തിൽ ഇത്രയും ശരണമുള്ളവരെ വേറെ കാണുകയില്ലെന്ന് എനിക്കു ബോദ്ധ്യമായിട്ടുള്ളതാണ്."



സിദ്ധൻ തുണ്ടുപ്പെട്ട രൂപം കയ്യിൽ പിടിച്ചുകൊണ്ടു നിൽക്കുന്ന ബുദ്ധ മതപണ്ഡിതനുമായി വേദത്തെപ്പറ്റി തർക്കിക്കുന്നതു്.

ഇരുപത്തിരണ്ടാം അദ്ധ്യായം

ശവരിയാരും നിൽഷിൻ എന്ന പണ്ഡിതനും

1550

കാഗോഷിമായിൽ ബുദ്ധമതവൈദികരുടെ ഒരു സംഘമുണ്ട്. ഇതിന്റെ അദ്ധ്യക്ഷൻ നിൽഷിൻ എന്നൊരു പണ്ഡിതനാണ്. അഭിമുഖസംഭാഷണത്തിനായി ഇദ്ദേഹം പലപ്പോഴും ശവരിയാരെ ക്ഷണിക്കാറുണ്ടായിരുന്നു. അവർ ചോദിച്ചു. "ശിരസ്സു വേർപെട്ടാൽപിന്നെ മനുഷ്യന്റെ സ്ഥിതി എന്തായിരിക്കും."? ഇതിന് ബോൺസെന്മാരെല്ലാവരുംകൂടി ദീർഘനാൾ ആലോചിച്ചതിന്റെ ഫലമായി ഒരു സമാധാനം കണ്ടെത്തി. അതി പ്രകാരമാണ്.

"ശൂന്യമായിരിക്കും, എന്തെന്നാൽ ശരീരം ക്ഷയിക്കുന്ന അവസരത്തിൽ തന്നേ ആത്മാവും നശിച്ചുപോകും."

ശവരിയാരാപട്ടെ വേറൊരു മറുപടിയാണ് പറഞ്ഞത്. "ശരീരം നശിച്ചുപോകും; ആത്മാവോ തദനന്തരം ജീവിച്ചുകൊണ്ടുതന്നേ ഇരിക്കും. അതു സജ്ജീവിതമാണ് നയിച്ചതെങ്കിൽ ആനന്ദവും ദുർജ്ജീവിതമാണ് കഴിച്ചതെങ്കിൽ ദുഃഖവും അനുഭവിക്കും."

ഈ ഉപദേശം കേട്ടശേഷം നിൽഷിൻപണ്ഡിതർ ഇപ്രകാരം പറഞ്ഞു:

അങ്ങനെയാണെങ്കിൽ എന്റെ ആത്മാവു നിത്യമാണല്ലോ!"

വേറൊരിക്കൽ ശവരിയാർ ചോദിച്ചു: "നിങ്ങൾക്ക് തെരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ യൌവ്വനമോ വാർദ്ധക്യമോ ? ഏതു എടുക്കും"? അയാൾ മറുപടി പറഞ്ഞു. "യൌവ്വനം; എന്തെന്നാൽ എനിക്ക് ഇഷ്ടംപോലെ എന്തും പ്രവർത്തിക്കാമല്ലോ."

ശവരിയാർ വീണ്ടും ചോദിച്ചു.

"ഏതാണ് ഒരു നാവികൻ ഇഷ്ടപ്പെടുന്നത് ? മാർഗ്ഗമദ്ധ്യേ തിരമാലകളും പിശറും അടിച്ച് ഭയാനകമാകുന്ന ഒരു സമയത്തേയോ ! അതോ നിർദ്ദിഷ്ടസ്ഥാനത്തെത്താറായിരിക്കുന്ന സമയത്തേയോ?"

നിൽഷിൻ ദുഃഖിതനായി മറുപടി പറഞ്ഞു.

"താങ്കൾ ഉദ്ദേശിക്കുന്നകാര്യം എനിക്കു മനസ്സിലായി. എന്നാൽ അതെന്നെ ബാധിക്കയില്ല. എന്തെന്നാൽ എന്റെ ജീവിതമാകുന്ന കപ്പൽ ഏങ്ങോട്ടാണ് പ്രയാണംചെയ്യുന്നതെന്ന് എനിക്കറിഞ്ഞുകൂടാ."

ക്രിസ്തുവോ ബുദ്ധനോ സത്യദൈവം എന്നറിയാതെ അയാൾ പിന്നെയും കുഴങ്ങി. ഒരു വർഷത്തിനകം ശവരിയാർ കാഗോഷിമായിൽനിന്നും ഹിറോഡാ എന്ന സ്ഥലത്തേക്കു പോയി. പിന്നീട് രണ്ടു പ്രാവശ്യംകൂടി മിഷ്യനറിമാർ കാഗോഷിമായിൽ ഇറങ്ങുകയുണ്ടായിട്ടുണ്ട്. അപ്പോഴൊക്കെയും നിൽഷിൻ അവരെ സന്ദർശിക്കുകയും "ഞാൻ ബുദ്ധനെ വെറുക്കുകയും സത്യദൈവത്തോടു മാത്രം പ്രാർത്ഥിക്കയും ചെയ്യുന്നു." എന്നു പറകയും പതിവായിരുന്നു. എങ്കിലും സത്യമതത്തെ സ്വീകരിക്കുവാൻ അയാൾക്ക് ധൈര്യമുണ്ടാ



ബുദ്ധമതപ്രചാരകന്മാരുടെ ശത്രുത സിദ്ധനെ മിയാക്കോയിൽനിന്നും ബഹിഷ്കരിച്ചതിനാൽ അവിടെനിന്നും ബോട്ടു കയറി ദക്ഷിണഭാഗത്തേക്കു പോകുന്നതു.

യില്ല. ഇങ്ങനെ പന്ത്രവർഷത്തോളം മാമ്മോദിസാ നീട്ടിവെച്ചശേഷം ഒടുവിൽ മരണാസന്നനായപ്പോൾ ഒരു വൈദികന് ആളയച്ചു. പക്ഷേ അദ്ദേഹം കുമ്പസാരിപ്പാനുള്ള മുമ്പായി നിർഭാഗ്യൻ ഹാ! കഷ്ടം! കാലഗതിയെ പ്രാപിച്ചു!

ഇരുപത്തിമൂന്നാം അദ്ധ്യായം

മിയാക്കോയോട്ട് യാത്ര പുറപ്പെടുന്നു.

1551

ബുദ്ധമതവൈദികരുടെ വിരോധം വിശുദ്ധ ശവരിയാരെ കാഗോഷിമായിൽനിന്നും ബഹിഷ്കരിച്ചതിനാൽ അദ്ദേഹം ഹിറാഡോയിൽ ചെന്ന് അവിടെ ഒരു ക്രിസ്ത്യാനിസമുദായത്തെ ഏർപ്പെടുത്തി. ഫക്കാറായിലും യമഴച്ചിയിലും പോൾസന്മാരുടെ ദൃഷ്ടിവൃത്തികളെപ്പറ്റി അദ്ദേഹം പ്രസംഗിച്ചു. സക്കായിൽ താമസിച്ചിരുന്ന വീട്ടുകാരെ മാനസാന്തരപ്പെടുത്തിയശേഷം അദ്ദേഹം മിയാക്കോയിലേയ്ക്ക് പുറപ്പെട്ടു. ഇവിടെയാണ് ചക്രവർത്തിയും ബുദ്ധമതത്തിന്റെ പ്രധാനാചാര്യന്മാരും താമസിച്ചിരുന്നതും പ്രസിദ്ധപ്പെട്ട സർവ്വകലാശാല സ്ഥാപിച്ചിരുന്നതും. പരസ്യമായ ഒരു വാദപ്രതിവാദത്തിന് തയാറായി ബുദ്ധമതപണ്ഡിതന്മാർ തന്നെ ക്ഷണിക്കുമെന്നായിരുന്നു വിശുദ്ധൻ പ്രതീക്ഷിച്ചിരുന്നത്. സത്യം ജയിക്കാതിരിക്കയില്ലെന്ന് അദ്ദേഹം വിശ്വസിച്ചു. പിന്നീട് ജപ്പാൻരാജ്യത്തിൽ സാഹൃദമായി വേദം പ്രസംഗിപ്പാൻ ചക്രവർത്തി അനുവദിക്കുമെന്നും തൽഫലമായി രാജ്യം മുഴുവനും ക്രിസ്തുവിശ്വാസത്തിലേയ്ക്ക് തിരിയുമെന്നും ആയിരുന്നു ശവരിയാരുടെ പ്രതീക്ഷ. പക്ഷേ അദ്ദേഹത്തിന്റെ ആശ അസ്ഥാനത്തായ്പോകുകയാണ് ചെയ്തത്. രാജ്യത്തിൽ കലഹം വർദ്ധിച്ച് അഭ്യന്തരയുദ്ധം ഉണ്ടാവുകയും തലസ്ഥാനം രാജദ്രോഹികളുടെ അധീനത്തിൽ ആവുകയും ചെയ്തു. സർവ്വകലാശാലയിൽ ശവരിയാക്ക് പ്രവേശനമേ ലഭിച്ചില്ല. ചക്രവർത്തി നിർദ്ദയനും അശക്തനും ആയിരുന്നു. ജനങ്ങൾ വിദേശിയരെ അപഹസിക്കയും കളിയാക്കുകയും ചെയ്തുവന്നു.

പതിനൊന്നുദിവസത്തിനുശേഷം ശവരിയാർ മിയാക്കോയോട്ട് യാത്ര പുറപ്പെടുകതന്നെ ചെയ്തു. അവിടെനിന്ന് പോട്ടുകയറി നോട്ടമെത്താവുന്നിടത്തോളം ആ നഗരത്തെ സൂക്ഷ്മതയോടെ നോക്കിക്കൊണ്ട് ജപ്പാൻരാജ്യത്തിന്റെ മാനസാന്തരത്തിനായി അതിതീക്ഷ്ണതയോടെ പ്രാർത്ഥിക്കയുണ്ടായി. തദനന്തരം അദ്ദേഹം തെക്കോട്ട യാത്രതിരിച്ചു, ഏറെത്താമസിയാതെ യമഗുച്ചിയിലെത്തുകയും അവിടത്തെ പ്രബലനായ രാജാവിനെ സന്ദർശിക്കയും ചെയ്തു.



ഫ്ലൈരാജാവിന്റെ അരമനയിലേക്കു പോർത്തുഗിസുസൈന്യങ്ങളും ജനങ്ങളും കൂടെറെ ജപ്പാൻകാരുംകൂടി പ്രദക്ഷിണമായി വിശുദ്ധനെ കൊണ്ടുപോകുന്നത്.

ഇരുപത്തിനാലാം അദ്ധ്യായം

ഫ്രാനയിലെ രാജധാനിയിൽ

1551

ശവരിയാർ യമഗൂച്ചിയിൽ വന്നശേഷം രാജാനുമതിയോടുകൂടി സുവി ശേഷപ്രസംഗം ആരംഭിച്ചു. പണ്ഡിതന്മാരായ ബോൺസുമാരുമായി വാ ദപ്രതിവാദങ്ങൾ മുറയ്ക്കു നടന്നു. ബുദ്ധമതാനുയായികളിൽ പലരും ക്രിസ്തു മതം സ്വീകരിച്ചുതുടങ്ങി. ബുദ്ധന്റെയും അമിദായുടേയും ശക്തി ക്ഷയിച്ചുവ രുന്നതായി പലരും പ്രോഘ്യപ്പെട്ടു. ഒട്ടനേകം പ്രമുഖന്മാരും ക്രിസ്ത്യാനിക ളായി. ആയിടതന്നെ സമീപരാജ്യത്തു ഒട്ടോമോയൊഷിഷിജ് എന്ന രാജാ വിന്റെ പക്കൽ പോർട്ടുഗീസുകാർ പോകയും വിശുദ്ധനേപ്പറ്റി സംസാരിക്കു യും ഉണ്ടായി. തൽഫലമായി ശവരിയാരെ കാണ്മാൻ രാജാവു ആഗ്രഹിക്കു യും പുണ്യവാൻ പോകയും ചെയ്തു. പോർട്ടുഗീസുകാർ വളരെ ആഘോഷ ത്തോടുകൂടിയാണു് ശവരിയാരെ കൊണ്ടുപോയതു്. തന്നിമിത്തം രാജാവു് അദ്ദേഹത്തെ യഥായോഗ്യം സ്വീകരിക്കുയും ബോൺസുമാരുമായി അഭിമുഖ വാദപ്രതിവാദം നടത്തുന്നതിന് വിശുദ്ധനെ ക്ഷണിക്കുയും ചെയ്തു. വാദപ്ര തിവാദത്തിൽ ബോൺസുകൾ പരാജിതരാവുകയും പലരും ക്രിസ്തുമതം സ്വീ കരിക്കുയും ചെയ്തു. ഇപ്രകാരം ശവരിയാരുടെ പ്രസംഗശക്തി ഫലവത്താ യിതുടങ്ങിയ സമയത്തു് ഇൻഡ്യയിലെ ചില കുഴപ്പങ്ങൾ അദ്ദേഹത്തെ അ വിടേയ്ക്കു ക്ഷണിച്ചു.

വിശുദ്ധന്റെ വിയോഗാവസരത്തിൽ ക്രിസ്ത്യാനികളെ രക്ഷിച്ചുകൊ ള്ളാമെന്നു രാജാവു വാഗ്ദാനം ചെയ്തു. അതിനും പുറമെ അദ്ദേഹത്തിന്റെ ആനുകൂല്യത്താൽ ക്രിസ്തുമതം മിയാക്കോയിലും തെക്കൻരാജ്യങ്ങളിലും പ്ര വേശിക്കുയുണ്ടായി. ഇതിനിടയ്ക്കു രാജാവിന്റെ മനസ്സിനു സമാധാനമില്ലാ തെയായി. ബോൺസുകളുമായി ആലോചിച്ചിട്ടു ഫലം കാണാതെ വിഷ മിച്ചു. ഇങ്ങനെ ഒടുവിൽ ഈശ്വരാനുഗ്രഹത്താൽ ഫ്രാൻസിസ് എന്ന പേ രിൽ അദ്ദേഹവും ജ്ഞാനസ്നാനം കൈക്കൊണ്ടു. സപ്രജകളിൽ എഴുപതി നായിരം പേർ അദ്ദേഹത്തെ അനുഗമിച്ചു് ക്രിസ്ത്യാനികളായി. രു വർഷങ്ങൾ ക്കുശേഷം ഒരു ലക്ഷം ക്രിസ്ത്യാനികൾ ജപ്പാനിൽ ഉണ്ടാകുന്നതിനിടയായി. പാറ്റൽ പരം വർഷങ്ങളോളം നിണ്ടുനിന്ന മതപീഡനത്തിനുപോലും ക്രിസ്തു മതത്തെ അവിടെനിന്നും ഉൻമൂലനം ചെയ്യുവാൻ സാധിച്ചില്ല. ക്രിസ്തു ഡി സംബറിൽ ശവരിയാർ കൊച്ചി, ഗോവാ എന്നീ സ്ഥലങ്ങളെ സന്ദർശിക്കു കയും രണ്ടു മാസം അവിടെ താമസിക്കുകയും പിന്നീട് ക്രിസ്തു ഏപ്രിൽമാസ ത്തിൽ ചൈനായിക്കു പോവുകയും ചെയ്തു.



വേളം പ്രസംഗിക്കുന്നതിനായി വിശുദ്ധൻ ചൈനായിലേക്കു പോകുംവഴി സാൻസിയേൽ എന്ന തുരുത്തിൽ ഇറങ്ങുകയും അവിടെവെച്ചു പനി പിടിച്ചു മരിക്കുന്നതും തത്സമയം വിശുദ്ധനായ അന്തോണിയോ, ഈശ്വരപ്രകാശത്തിലേക്കു പ്രവേശിക്കുന്നതിന്റെ മുന്നോടിയായി കത്തിച്ചു മെഴുകുതിരി സിദ്ധനു കൊടുക്കുന്നതും.

ഇരുപത്തഞ്ചാം അദ്ധ്യായം

വിശുദ്ധ ശവരിയാരുടെ മരണം

1552

"നിങ്ങൾ പ്രസംഗിക്കുന്ന മതമാണ് സത്യമായിട്ടുള്ളതെന്നു ഞങ്ങൾ എങ്ങനെ വിശ്വസിക്കും? ചൈനാ അതേപ്പറ്റി യാതൊന്നും കേട്ടിട്ടില്ലല്ലോ!" ഇങ്ങനെ പലരും പലപ്പോഴും ജപ്പാനിൽവെച്ചു ശവരിയാരോടു ചോദിച്ചിരുന്നു. എന്തെന്നാൽ ചൈനായിൽനിന്നാണ് പരിഷ്കാരവും ജ്ഞാനവും ജപ്പാനു ലഭിച്ചിട്ടുള്ളതു. അതുകൊണ്ടു ചൈനായിൽ വേദം പ്രസംഗിച്ചേ മതിയാവൂ. പക്ഷേ ഇക്കാര്യം എത്രയും ശ്രമസാദ്ധ്യമായ ഒരു സംഗതിയാകുന്നു. എന്തെന്നാൽ വിദേശിയരായ യാതൊരുത്തർക്കും ചൈനയിൽ പ്രവേശം അനുവദിക്കപ്പെട്ടിട്ടില്ലായിരുന്നു. കൂടാതെയും ചൈനായുടെ പടിവാതുക്കൽ എന്നപോലെ സ്ഥിതി ചെയ്യുന്ന കാൻറൺദ്വീപിലെ കാരാഗൃഹങ്ങളും എല്ലാവരേയും ഭയപ്പെടുത്തിയിരുന്നു. എങ്കിലും നമ്മുടെ വിശുദ്ധൻ ഒന്നും വകവെക്കാതെ കാൻറൺ തുറുത്തിലെത്തി. അദ്ദേഹത്തെ അനുഗമിച്ചവരൊക്കെയും ഭയന്നു ഓടിപ്പോയ്കളഞ്ഞു. എങ്കിലും ഒരാൾ മാത്രം പോയില്ല. ഇയാൾ ചൈനാക്കാരനായ അൻറോണിയോ ആണ്. ശ്രദ്ധമായി ചൈനായിൽ ഇറക്കുമെന്നു ഒരു സ്വാത്മവാഹൻ വാശ്വാനം ചെയ്തിട്ടുണ്ടായിരുന്നു. പക്ഷേ പറഞ്ഞ അവധിക്കെങ്ങും ആരും ചെന്നില്ല.

ഇതിനിടയ്ക്കു ശവരിയാക്കു സുഖക്കേടാരംഭിച്ചു. ഈ സുഖക്കേടു നിമിത്തം അദ്ദേഹം വളരെ വിഷമിച്ചു. എന്തെന്നാൽ അദ്ദേഹത്തിനു തുടങ്ങിയ പനി അധികം കലശലായിത്തീർന്നു. എങ്കിലും ദൈവതിരുമനസ്സിനു കീഴ്പ്പെട്ടുകൊണ്ടു സാഭ്യമായ ആനന്ദത്തോടെ നിലത്തു കിടന്നു. അവിടെ കിടന്നുകൊണ്ടു കർത്താവും കന്യകമറിയവുമായി സൈവ്യസംഭാഷണം ചെയ്യുകയും രോഗമില്ലാത്തവനെപ്പോലെ അനുവർത്തിക്കുകയും ചെയ്തു. എങ്കിലും പനി ആരംഭിച്ചിട്ടു രണ്ടാം വെള്ളിയാഴ്ച അദ്ദേഹത്തിനു സംസാരശക്തി നഷ്ടപ്പെട്ടു. ഇതു ഏതാണ്ടു വൃശ്ചികമാസം ഒടുവിലായിരുന്നു. അൻറോണിയോ രോഗബാധിതനായ ശവരിയാരുടെ അടുത്തു സദാ സമയവും ഉണ്ടു. മരണവും ആസന്നമായി. പുണ്യവാൻ തുങ്ങപ്പെട്ട രൂപത്തിന്മേൽ നോക്കിക്കൊണ്ടിരിക്കുന്നു. പാതിരാവു കഴിഞ്ഞു പ്രഭാതരവിയുടെ പ്രഥമരശ്മികൾ പ്രകാശിക്കുവാൻ തുടങ്ങിയതിനോടെ അൻറോണിയോ വിശുദ്ധൻറെ പുണ്യകരങ്ങളിൽ മെഴുകുതിരി കത്തിച്ചു കൊടുക്കുകയും കുറേനേരം കഴിഞ്ഞപ്പോൾ ശവരിയാരുടെ ആത്മാവു ദൈവാത്മാവിൽ സമാശ്വസിക്കുകയും ചെയ്തു.

* * * * *

ഗോവയിൽ ബോംജേസ്യൂ എന്ന ദേവാലയത്തിൽ രജതനിർമ്മിതമായ ഒരു പീഠം കാണാനുണ്ട്. ഭാരതത്തിൻറെ മഹത്തായ നിധി അതിലാണ് സ്ഥിതിചെയ്യുന്നതു്. അനേകായിരം തീർത്ഥയാത്രക്കാർ ആ സ്ഥലത്തു ചെന്നു വിശുദ്ധ ശവരിയാരുടെ ശരീരത്തിങ്കൽ ഇന്നും പ്രാർത്ഥിച്ചു വരുന്നു.

ഇരുപത്താറാം അദ്ധ്യായം

പരിശിഷ്ടം (1)

വിശുദ്ധ ശവരിയാരുടെ ശരീരം

പുണ്യവാന്റെ മൃതശരീരം കുമ്പാനക്കപ്പായങ്ങളുണിയിച്ച്, നിറയെ കുമ്മായം ഇട്ട ഒരു പെട്ടിയിൽ അടക്കംചെയ്ത് സാൻഷിയൻ ദ്വീപിന്റെ തിരത്താണ് സംസ്കരിക്കയുണ്ടായത്. എത്രയും വേഗത്തിൽ മാംസം ക്ഷയിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ കുമ്മായം ഇട്ട് കടൽത്തിരത്ത് അടക്കംചെയ്തത്. അസ്ഥിപഞ്ജരമെങ്കിലും ഇൻഡ്യായിലേക്കു കൊണ്ടുപോകണമെന്ന് പോർട്ടുഗീസുകാക്കാഗ്രഹം ഉണ്ടായിരുന്നു. ഇവരിങ്ങനെ ചെയ്തു കുറെ മാസങ്ങൾ കഴിഞ്ഞപ്പോൾ ശവരിയാരെ സാൻഷൻദ്വീപിലിറക്കിയ കപ്പടക്കാർ മടങ്ങിച്ചെന്ന് കവറിടം തുറന്നു നോക്കി. തൽസമയം അവർ കണ്ട കാഴ്ച ആരേയും വിസ്മയിപ്പിക്കാതിരിക്കയില്ല. ശരീരം ജീവനുള്ളവരുടേതുപോലെയും വസ്ത്രങ്ങൾ വച്ചിരുന്നതുപോലെയും കാണപ്പെട്ടു. ഇടത്തുകാലിന്റെ മുട്ടിങ്കൽ സ്വല്പം മുറിച്ചുനോക്കിയതിൽ രക്തം വരുന്നതായി കണ്ടു. മഹാ ഭക്തിയോടെ അവർ പ്രേതം ഇരുന്ന പെട്ടിയോടെ മലാക്കായിക്ക് കൊണ്ടുപോകയും അവിടത്തെ വൈദികരും ജനപ്രധാനികളും വിവരമറിഞ്ഞ് അവിടെ വരികയും മൃതശരീരത്തെ ആഘോഷപൂർവ്വം കൈക്കൊള്ളുകയും ചെയ്തു. പ്രേതം വഹിച്ചുകൊണ്ട് പ്രദക്ഷിണം വച്ച ഉടനെ തന്നേ അന്ന് അവിടങ്ങളിൽ നടപ്പുണ്ടായിരുന്ന പ്ലേഗുദിനം പെട്ടെന്ന് ശമിക്കയുണ്ടായി. ഇതു 1553-നു മാർച്ച്മാസത്തിലായിരുന്നു. ആ ആണ്ടിന്റെ അവസാനത്തിൽ പുണ്യവാന്റെ തിരുശരീരം ഗോവായിലേക്കു കൊണ്ടുപോകപ്പെട്ടു. മാസ്റ്റർ ഡ്യൂസിലോണിലെ ബെട്ടിക്കോളാ എന്ന തുറമുഖത്തു കപ്പലടുക്കുകയും അവിടെവച്ച് രോഗബാധിതയായ ഒരു മദാമ്മ, പ്രേതം ഇരുന്ന കപ്പലിൽ കയറുകയും ഉടൻതന്നേ സൌഖ്യം പ്രാപിക്കയും ചെയ്തു.

1554-ൽ മാർച്ച്മാസം 16-ാംനു പെസഹാവ്യാഴാഴ്ച കപ്പൽ ഗോവാ തുറമുഖത്തടുക്കുകയും വൈസ്രോയി തുടങ്ങിയുള്ള ഉദ്യോഗസ്ഥന്മാരും വൈദിക ശ്രേഷ്ഠന്മാരും ജനതതിയുംകൂടി വളരെ ആഘോഷപൂർവ്വം തിരുശരീരം സ്വീകരിച്ച് ജസ്വിത്തരുടെ വകയായ ബോംജേസുസ് എന്ന ദേവാലയത്തിൽ പ്രതിഷ്ഠിക്കയും ഉണ്ടായി.

ഒരു ദൃക്സാക്ഷി താഴെക്കാണുംവിധം എഴുതുന്നു. "ആ പ്രദക്ഷണത്തിൽ സംബന്ധിച്ച ക്രിസ്തീയ സമൂഹത്തിന്റെ നിലവിളികളും ഗൽഗദസ്വരങ്ങളും ഒരു പാപിയെ മാനസാന്തരപ്പെടുത്തുവാൻ പര്യാപ്തങ്ങളായിരുന്നു."

ഈ വിശുദ്ധന്റെ മൃതശരീരം ഇങ്ങനെ അക്ഷയരൂപത്തിൽ ഭാരതത്തിൽ വെച്ചുകൊണ്ടിരിക്കുവാൻ ദൈവം തിരുമനസ്സായത് കാരണം കൂടാതെയല്ലെന്ന് നമുക്കു ന്യായപൂർവ്വം ഊഹിക്കാം. എന്തെന്നാൽ ഇൻഡ്യായിലെ നാനാജാതിമതസ്ഥരുടേയും മാനസാന്തരത്തിനുവേണ്ടി വിശുദ്ധ ശവരിയാർ അശ്രാന്തപരിശ്രമം ചെയ്തിട്ടുണ്ട്. ആ ശ്രമം അചിരേണ പൂർത്തിയാക്കുവാൻ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം അസാധാരണമായ വിധം ഇനിയും നമുക്കുണ്ടാകുമെന്നും ഈ ലക്ഷ്യം മൂലം നമുക്കു വിശ്വസിക്കരുതോ?

പരിശിഷ്ടം (2)

ഫ്രാൻസിസ്-ലെ തിരുശരീരപ്രദർശനം

("കർമ്മേലകുസുമ"ത്തിൽനിന്നും സംഗ്രഹിച്ചത്)

1782 ഡിസംബർ 2-ാംനു- സാൻസിയൻതുരുത്തിൽ വെച്ചായിരുന്ന പ്പോ പുണ്യവാന്റെ മരണം സംഭവിച്ചത്. പിന്നിട് മൃതശരീരം ഗോവായിൽ ബോംജേസുസ് ദേവാലയത്തിന്റെ മദ്ബഹായിക്കുതുള്ള ഒരു രഹസ്യ കപ്പേളയിൽ സൂക്ഷിച്ചുവരികയാണ്. ഫ്രാൻസിസ്-ൽ ശരീരം പ്രദർശിപ്പിച്ചപ്പോഴത്തേതിനെക്കാൾ കാലപ്പഴക്കത്തിന്റെ ചിഹ്നങ്ങൾ ഇപ്പോൾ കാണപ്പെടുന്നുണ്ട്. വൈദികവസ്ത്രങ്ങൾ ധരിച്ചിരിക്കയാൽ തലയും മുഖവും പാദങ്ങളും മാത്രമേ ഇപ്പോൾ പുറമേ കാണ്മാൻ പാടുള്ളു. തലമുടി കുറെ എല്ലാം ഇപ്പോഴും കാണുന്നുണ്ട്. മുഖം വെളുത്തു പൊടി പുരണ്ടതുപോലെ ഇരിക്കുന്നു. പാദങ്ങൾ സപ്പലം തവിട്ടുനിറം കലർന്നും മയമില്ലാതെ ഉണങ്ങിയും ഇരിക്കുന്നു. ഒരു പാദത്തിന്മേൽ ഉണങ്ങിയ തടിച്ച മാംസവും ഉണ്ട്. ശരീരത്തിന്റെ ഉയരം രണ്ടു കോൽ ൻ അംഗുലമാണ്. വലതുപാദത്തിന്റെ നാലാമത്തേയും അഞ്ചാമത്തേയും വിരലുകൾ കാണ്മാനില്ല. അവ മുമ്പ് പ്രദർശിപ്പിച്ച ഏതോ അവസരങ്ങളിൽ തുപ്പാദം മുത്തുന്നതിനായി ചെന്ന ചില സ്ത്രീകൾ അമിതമായ ഭക്തിമൂലം കടിച്ചു കൈവശപ്പെടുത്തികൊണ്ടുപോയതാണത്രെ. വലതുകരം റോമ്മായിലെ ജേംസ് ദേവാലയത്തിൽ ഇപ്പോഴും സ്ഥിതി ചെയ്യുന്നു. ഇടതുകരമാവട്ടെ വിരലുകളോടുകൂടി ഇന്നും ദേഹത്തിൽ തന്നേ കാണപ്പെടുന്നു.

പ്രദർശനദിവസങ്ങളിൽ ഗോവായിലുള്ള തീക്കപ്പലുകളും തിബോട്ടകളും തീവണ്ടികളും യാത്രക്കാരാൽ നിറയപ്പെട്ടിരുന്നു. ഈ ആവശ്യകത പ്രമാണിച്ചു പല സ്ഥലങ്ങളിലും പ്രത്യേകമായി തീവണ്ടികളും കപ്പലുകളും തയാർ ചെയ്തിരുന്നു. ഗോവയിലെ തെരുവുകൾ നാനാജാതിമതസ്ഥന്മാരാൽ നിബിഡമായിരുന്നു. എറണാകുളം, പുതുശ്ശേരി, ഗ്വാളിയർ, അജ്മീർ, കൊച്ചി, മംഗലപുരം, ബോംബേ മുതലായ ഇൻഡ്യയിലെ വലിയ ശ്രുതികളിൽനിന്നും തീർത്ഥാടനസംഘങ്ങളും അറേബ്യാ, മലാക്കാ, ജപ്പാൻ, ചൈനാ എന്നിസ്ഥലങ്ങളിൽനിന്നു വൈദികപ്രതിനിധികളും പൌരപ്രധാനികളും പ്രദർശനത്തിൽ സംബന്ധിക്കുന്നതിനായി എത്തിയിരുന്നു. ബോംബയിൽനിന്നു തന്നേ ഒരൊറ്റ ദിവസം 13 കപ്പൽ നിറയെ ആളുകൾ ചെന്നിരുന്നു. വളരെ വിസ്താരമുള്ള ബോംജേസുസ് പള്ളിയിൽ 4 അൾത്താരകളിൽ അതിരാവിലെ മുതൽ ഉച്ചകഴിഞ്ഞു 4 മണിവരെ തുടരത്തുടരെ കുബ്ബാന ചൊല്ലിയിട്ടും പല പട്ടക്കാർക്കും ചൊല്ലാൻ സാധിച്ചില്ല. ഡിസംബർ 2-ാംനു- രാവിലെ 9൧ മണിയായപ്പോഴേക്കും പള്ളി ജനാവലിയാൽ നിറയപ്പെട്ടു. തിക്കും തിരക്കും നിമിത്തം ഇരിക്കാനോ മുട്ടുകുത്താനോ നിവൃത്തിയില്ലാതെ ജനക്കൂട്ടത്തിന്റെ ഒരു വലിയ ഭാഗം 12 മണിവരെ നിന്നതന്നേ കഴിച്ചുകൂട്ടിയെന്നു കാണുന്നതിൽനിന്നും ജനങ്ങളുടെ ക്ഷമയും പുണ്യവാനോടുള്ള ഭക്തിയും എത്രാണ്ടു ഊഹിക്കാവുന്നതാണ്.

രാവിലെ തരുന്ന പാത്രിയക്കീസിന്റെ ഭദ്രാസന ദേവാലയത്തിൽ നിന്നും വൈദികരും വിവിധസംഘാംഗങ്ങളും കൂടി പ്രദക്ഷിണമായി ബോംജേസ്യൂ ദേവാലയത്തിലെത്തിയ ശേഷം വൈദികരും, വൈസ്രോയിയും മറ്റു ദ്യോഗസ്ഥന്മാരും മദ്ബഹായിൽ പ്രവേശിച്ച് രഹസ്യ കപ്പേളയിൽനിന്നും തിരുശരീരം പുറത്തെടുത്തു. അവിടെനിന്നും പാത്രിയക്കീസുപ്പെടെ ആറു മെത്രാന്മാരാൽ തിരുശരീരം വഹിക്കപ്പെട്ടും അ. ഉ. ദലഗാദിനാലും വൈസ്രോയിയാലും അനുഗമിക്കപ്പെട്ടും പള്ളിയുടെ പാശ്ചാത്ഭാഗത്തു പ്രതിഷ്ഠിതമായി. പത്തു മണിയോടെ അത്യുന്നത ദലഗാദ് തിരുമേനിയുടെ പൊൻറിഫിക്കൽ കുമ്പാനയും റഷോമസെമിനാറിറെക്ടരുടെ പ്രസംഗവും നടന്നു. പിന്നീട് മെത്രാന്മാരും വൈദികരും ജനങ്ങളും തുപ്പാദചുംബനം ആരംഭിച്ചു. പതിനായിരത്തിൽ പരം ജനങ്ങൾ ദിവസംതോറും തുപ്പാദം ചുംബിച്ചു വന്നു എന്ന് കണക്കെടുക്കപ്പെട്ടിരിക്കുന്നു. ദിവസേന പ്രമണിക്കൂർ സമയം പ്രദർശനം നടത്തിയിരുന്നു. പോർട്ടുഗിസ് ഗവർമ്മെണ്ട് പ്രദർശനം സംബന്ധിച്ച എല്ലാ ചടങ്ങുകൾക്കും വേണ്ടപ്പെട്ട ഒത്താശകൾ ചെയ്തിരുന്നു എന്നുള്ളതും സ്മരണീയമാണ്.

പരിശിഷ്ടം (3)

പ്രദർശനംമൂലമുണ്ടായ അത്ഭുതസംഭവങ്ങൾ

ക. മദ്രാസ്' പോസ്റ്റ്മാസ്റ്റർ ജനറാളിന്റെ സഹോദരനായ റയാൻ അവർകളുടെ ഉപയോഗശൂന്യമായിരുന്ന കൈയ്, തിരുത്തയാത്രയുടെ ശേഷം പൂർണ്ണസൌഖ്യം പ്രാപിക്കയുണ്ടായി. മൈലാപ്പൂർ വികാരി ജനറാൾ തുടങ്ങിയ പലരും ഈ സംഭവത്തിന്റെ ദൃക്സാക്ഷികളാണ്.

ഖ. ബോംബേക്കാരനായ ഒരു പാർസി അന്ധയായ സ്വപുത്രിക്ക് കാഴ്ച ലഭിക്കുന്ന പക്ഷം ക്രിസ്തുമതം സ്വീകരിച്ചുകൊള്ളാമെന്ന് ''നേർന്ന്''കൊണ്ട് കുടുംബസഹിതം ഗോവായിക്കു പോകയും തുപ്പാദചുംബനാനന്തരം വിസ്മയനീയമാംവണ്ണം കുട്ടിക്ക് കാഴ്ച ലഭിക്കയും ചെയ്തു. സന്തോഷഭരിതനായ പാർസി ഗോവായിലെ സാധുക്കൾക്ക് വളരെ പണം ദാനം ചെയ്തശേഷം സ്വദേശത്തേക്കു മടങ്ങി. കാഴ്ച കിട്ടിയ സ്ഥിതിക്ക് ഇനിയും മതം മാറേണ്ട ആവശ്യം ഇല്ലെന്ന് ദോഷനായ പാർസി നിനച്ചു. വിവരം കൂട്ടുകാരോട് പറകയുമുണ്ടായി. അഹോ! വിണ്ടും വിസ്മയം! തൽക്ഷണം തന്നെ ബാലിക അന്ധയായി തിരുകയും മാതാപിതാക്കന്മാർ നിലവിളിച്ചുകൊണ്ട് തിവണ്ടിആഫീസിൽ നിൽക്കുകയും ചെയ്തു സംഗതി കണ്ടതായി മിസ്റ്റർ റയാൻ പ്രസ്താവിച്ചിരിക്കുന്നു.

ഗ. യാതൊരു വിധത്തിലും നടക്കാൻ പാടില്ലാതായ ഒരുവനെ ഏതാനുംപേരുകൂടി എടുത്ത് പള്ളിയ്ക്കകത്തു കൊണ്ടുചെന്നു. ചുംബിക്കുവാൻ രോഗിക്കുണ്ടായ വിഷമത ഹേതുവാൽ മൈലാപ്പൂർ പള്ളിവികാരി ഫാദർ ഫെർണാൻഡിസ് വിശുദ്ധന്റെ മേലങ്കി അവന്റെമേൽ സ്പർശനേരം ഇടുകയുണ്ടായി.

അനന്തരം എല്ലാവരും കൈവിട്ട സമയം അവൻ താഴെ വീണുപോയി. എന്നാൽ അവിടെ കൂടിയിരുന്നവരെ അത്ഭുതപരതന്ത്രരാക്കുവാൻ അവൻ അവിടെനിന്നും എഴുനേറ്റ് ഒരുത്തരുടേയും സഹായം കൂടാതെ നടന്നു. ഇതിനു ദൃക്സാക്ഷികളായി പലരുടേയും കൂട്ടത്തിൽ തൃത്തുക്കുടി കാതലിക്ക് ഇൻഡ്യൻ അസോസേഷ്യൻ സെക്രട്ടറിയും ഉണ്ടായിരുന്നു. കൂടാതെയും പ്രദർശനാവസരത്തിൽ ദൊരാ നേരു വന്നതായും എതാനും ഹിന്ദുക്കളും മഹമ്മദീയരും പ്രോട്ടസ്റ്റണ്ടുകാരും ഡാർവാറിൽനിന്നും വന്ന ഒരു പ്രോട്ടസ്റ്റൻറ പാദ്രിയും മാനസാന്തരപ്പെട്ടതായും റോമിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന തിരുക്കുരുമ്പനത്താൽ പേറെ ചില അത്ഭുതസംഭവങ്ങൾ നടന്നതായും അറിയപ്പെട്ടിട്ടുള്ള സംഗതി പ്രസ്താവയോഗ്യമാണ്.

പുണ്യവാൻ ജീവിച്ചിരുന്ന കാലത്ത് ഗോവാ, മലയാളം, സിലോൺ, ചൈനാ, ജപ്പാൻ മുതലായ രാജ്യങ്ങളിൽ ചുറ്റിസഞ്ചരിച്ച്, ഏക ലക്ഷത്തിൽ പരം ആളുകളെ സത്യവേദത്തിൽ ചേർത്തിട്ടുണ്ട്. ഭൂഗോളത്തെ മൂന്നു പ്രാവശ്യം ചുറ്റിപ്രത്തക്കു ദൂരം സുവിശേഷപ്രചാരാർത്ഥം അദ്ദേഹം പ്രയാണം ചെയ്തുണ്ടായി. പതിൻ പരം രാജ്യങ്ങളെ സന്ദർശിക്കുകയും, പല പേരെ ഉയർപ്പിക്കുകയും ചെയ്തു. അതുപോലെ തന്നെ സിദ്ധൻറെ മരണശേഷം അനേകം പേരെ വീണ്ടും ജീവിപ്പിച്ചിട്ടുണ്ട്. മലാക്കാ രൂപതയിൽ തന്നെ പതിൻ പരം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുള്ളതായി അവിടത്തെ മെത്രാൻ സത്യത്തിന്മേൽ മൊഴി കൊടുത്തിരിക്കുന്നു.

പരിശിഷ്ടം (4)

പ്രാർത്ഥനയും വേദപ്രചാരവും

"ഈശോയുടെ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കുന്നു" (2കൊരി. 5. 14) എന്നാണ് പുറജാതികളുടെ ശ്ലീഹാ എഴുതിയിരിക്കുന്നത്. ഈ സ്നേഹം ക്രിസ്തുമതത്തിൻറെ വരപ്രസാദങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്നവരായ നമ്മെ വേദപ്രചാരാർത്ഥം വേല ചെയ്യുന്നതിന് നിർബ്ബന്ധിച്ചുകൊണ്ടിരിക്കുന്നു. കാപ്പർ, മഹമ്മദീയർ ആദിയായിട്ടുള്ള ജനങ്ങൾ നമ്മുടെ രാജ്യത്തിൽ ഇപ്പോഴും താമസിക്കുന്നുണ്ട്. പുലയർ, പറയർ മുതലായ അധഃകൃതവർഗ്ഗക്കാരിൽ ഒരു ഭാഗം ക്രിസ്ത്യാനിമതത്തെ അവലംബിച്ചിട്ടുണ്ടെങ്കിലും അവരിൽ ഒരു വലിയ സംഖ്യ ഇപ്പോഴും യാതൊരു മതവും ഇല്ലാത്തവരായിട്ടാണ് ഇരിക്കുന്നത്. തിരുനാപ്പള്ളി രൂപതയിൽ ഭരതന്മാരും, ഇടയന്മാരും, കമ്മാളന്മാരും, കല്ലന്മാരും, മറവരും, ഒടയന്മാരും, പള്ളരും, പഞ്ചമരും, ചാന്നാന്മാരും, വാണിയന്മാരും, വെള്ളാളരും, ബ്രാഹ്മണരും ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ട്. അതേ ജാതിയിൽ പെട്ട മലയാളദേശീയർ ക്രിസ്തുമതത്തെ അനുസരിക്കാത്തത് നമ്മുടെ ഉത്സാഹരാഹിത്യംകൊണ്ടല്ലയോ? "ഇവർ ഇനിയും അന്ധകാരത്തിലും മൃത്യുഛായയിലും ജീവിക്കുന്നു" (ലൂക്കോ. 1. 79).

ഈ അസംഖ്യം ജനങ്ങളുടെ മാനസികമായ പ്രകാശത്തിന് അത്യാവ

ശുകങ്ങളായ ദൈവികാനുഗ്രഹങ്ങളെ സ്വർഗ്ഗം ധാരാളമായി പ്രവഷിക്കുന്നതിന് ക്രിസ്ത്യാനികളായ നമ്മുടെ പ്രാർത്ഥന ഉപകാരപ്രദമാകാതിരിക്കയില്ല. എന്തെന്നാൽ നമ്മുടെ രക്ഷകനായ ഈശോ അരുളിച്ചെയ്യുന്നു :—"നിങ്ങളിൽ രണ്ടുപേർ ഏകമനസ്സായി എന്നു സംഗതി ചോദിച്ചാലും സ്വർഗ്ഗത്തിലിരിക്കുന്ന എന്റെ പിതാവിനാൽ അതു അവർക്ക് നല്കപ്പെടും (മത്താ. ഛവ. ഛൻ ; മർക്കൊ. ഛഛ. ൨൪). അതിനാൽ യാതൊരു പണച്ചിലവും കൂടാതെ സത്യവേദപ്രചാരാർത്ഥം നമുക്കു പ്രവർത്തിക്കാവുന്നതും വളരെ ഫലമുള്ളതുമായ മാർഗ്ഗം പ്രാർത്ഥനയാകുന്നു. നമ്മുടെ രാജ്യത്തിലുള്ള പുറജാതികളിൽ അനേകംപേരെ ജ്ഞാനസ്നാനപ്പെടുത്തിയതു വിശുദ്ധ ശവരിയാരാണല്ലോ ; അദ്ദേഹം ഒരു ജപം ഉണ്ടാക്കി എത്തിച്ചു വന്നു. അതു താഴെക്കാണുന്നവിധം ആയിരുന്നു.

(വിശുദ്ധ ശവരിയാർ ഉണ്ടാക്കി എത്തിച്ചുവന്ന ജപം)

"എല്ലാ വസ്തുക്കളുടേയും സ്രഷ്ടാവായ ദൈവമേ ! അവിശ്വാസികളുടെ ആത്മാവുകളേ അങ്ങേ രായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചതു അങ്ങുന്നു തന്നേ എന്ന് ഓർമ്മിക്കേണമേ ! കർത്താവേ ! ഇതാ അങ്ങേയ്ക്ക് അപമാനം വരുത്തുകവണ്ണം ഈ ആത്മാവുകളെക്കൊണ്ടു നരകം നിറയുന്നതിനെ കടാക്ഷിക്കേണമേ ! ഇവരുടെ രക്ഷയ്ക്കുവേണ്ടി അങ്ങേ ദിവ്യപുത്രൻ ഈശോമിശിഹാ ഏറ്റവും ക്രൂരമായ കുരിശുമരണം അനുഭവിച്ചു എന്ന് ദയാപൂർവ്വം ഓർക്കേണമേ !

സർവ്വേശ്വരാ ! ദൈവമേ ! അങ്ങേ പുത്രൻ അവിശ്വാസികളാൽ ഇനിയും അപമാനിക്കപ്പെടുന്നതിന് അനുവദിക്കല്ലേ ! വിശുദ്ധന്മാരുടേയും അങ്ങേ തിരുകുമാരന്റെ മണവാട്ടിയായ തിരുസഭയുടേയും പ്രാർത്ഥനകളാൽ പ്രശാന്തനായിട്ട് അവിടത്തെ അഗാധമായ കാരുണ്യത്തേ ഓർക്കേണമേ. ഇവരുടെ വിഗ്രഹാരാധനയേയും അവിശ്വാസത്തേയും വിസ്മരിച്ച് ഞങ്ങളുടെ സുഖവും ജീവനും ഉത്ഥാനവും, കർത്താവും രക്ഷകനും അങ്ങേയുടെ പ്രിയപുത്രനും ആയ ഈശോമിശിഹായേ അവർ അറിയുന്നതിനും അവിടത്തെ സഭമഹത്വപ്പെടുന്നതിനും അങ്ങുന്ന് ഇടയാക്കിയരുളേണമേ !" ആമ്മേൻ.

(വേറൊന്നു)

വിശുദ്ധ ശവരിയാരുടെ പ്രസംഗത്താലും അത്ഭുതപ്രവൃത്തികളാലും അനേകംപേരെ തിരുസഭയിലേക്കു യോജിപ്പിക്കുന്നതിന് ദയവുചെയ്യുസർവ്വേശ്വരാ ! അദ്ദേഹത്തിന്റെ യോഗ്യതകളെ ബഹുമാനിക്കുന്നവരായ ഞങ്ങളും അദ്ദേഹത്തെ അനുകരിക്കുന്നതിന് ദയവു ചെയ്യണമേ. ഞങ്ങളുടെ ദിവ്യരക്ഷകൻ വഴിയായി ഈ അപേക്ഷയെ അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിച്ചു കൊള്ളുന്നു. ആമ്മേൻ.

(ന. ആ. ന. നമ്മ. ന. ത്രി. സൂ.)

മറിയത്തിന്റെ വിമലഹൃദയമേ ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കേണമേ ! (ന൦൦. ദിവ. ദ. വി).

പരിശിഷ്ടം (5)

അനേനികളും വേദപ്രചാരവും

("എർണാകുളം മിസ്സ"ത്തിൽനിന്നും സംഗ്രഹിച്ചത്)

ഇൻഡ്യായുടെ ഒന്നാമത്തെ അപ്പൊസ്തലനായ മാത്തോമ്മാ ശ്ലീഹായുടേയും രണ്ടാമത്തെ അപ്പൊസ്തലനായ ശവരിയാർ പുണ്യവാന്റേയും പാദസ്പർശനത്താൽ പരിപാവനമാക്കപ്പെട്ടനാടിനും ആ പരിശുദ്ധന്മാരുടെ നെറ്റിയിലെ വിയപ്പാൽ നനെക്കപ്പെട്ടനാടിനും അവർ ചെയ്ത വേലയുടെ ഫലം ധാരാളം അനുഭവിക്കുന്നതിനും ഇതരദേശങ്ങളേക്കാൾ നമ്മുടെ കേരളത്തിനാണ് ഭാഗ്യം ലഭിച്ചത്. മാത്തോമ്മാ ശ്ലീഹാ നമ്പൂരിമാരേയും മറ്റും ജ്ഞാനസ്നാനപ്പെടുത്തി പള്ളികൾ സ്ഥാപിച്ചതും ശവരിയാർ പുണ്യവാൻ കേരളത്തിൽ സുവിശേഷം പ്രസംഗിച്ച് അനേകം പേരെ സത്യസഭയിൽ ചേർത്തതും ചരിത്രപ്രസിദ്ധമാണല്ലോ. ഈ വിശുദ്ധന്മാർക്കു കേരളത്തോടുണ്ടായിരുന്ന വാത്സല്യാതിരേകത്തിന്റേയും അവർ ഇവിടെ സുവിശേഷവിത്ത് വിതയ്ക്കുന്നതിൽ പ്രദർശിപ്പിച്ച പ്രത്യേക ശ്രദ്ധയുടേയും ഫലമായി ഇൻഡ്യയിലെ മറ്റു ഭാഗങ്ങളേക്കാൾ കൂടുതലായ വിളവു കേരളത്തിൽ കാണുന്നുണ്ട്. കത്തോലിക്കു സഭയുടെ പ്രാബല്യംകൊണ്ടും അതിലെ അംഗങ്ങളുടെ സംഖ്യകൊണ്ടും ഇൻഡ്യയിലെ മറ്റേതു രാജ്യത്തോടും താരതമ്യം ചെയ്യാൽ കേരളം പ്രഥമസ്ഥാനത്തെ അഹിക്കുന്നു എന്നുള്ളതു നിശ്ചയമാണ്.

എന്നാൽ നമ്മുടെ ദൃഷ്ടികളെ ലോകത്തിന്റെ നാനാഭാഗത്തും തിരിച്ചു കത്തോലിക്കാസഭയ്ക്കു ഇതേവരെ ഉണ്ടായിട്ടുള്ള പ്രചാരത്തിന്റെ യഥാർത്ഥസ്ഥിതിയെപ്പറ്റി പര്യാലോചിക്കുന്നപക്ഷം നമ്മുടെ സന്തോഷം നിശ്ചയമായും സന്താപമായി പരിണമിക്കുന്നതാണ്. ലോകത്തിൽ ആകെ 200 കോടികത്തോലിക്കരുണ്ടെങ്കിലും ആകെയുള്ള ജനസംഖ്യയോടു താരതമ്യപ്പെടുത്തിയാൽ അതൊരു വലിയ കാര്യമല്ല. ഇൻഡ്യയിൽ തന്നേ 2½ ലക്ഷത്തിൻപരം കത്തോലിക്കരുണ്ടെങ്കിലും അവർ ആകെയുള്ള ജനസംഖ്യയിൽ 200 ന് 2 വീതം ആകുന്നില്ല. ഇങ്ങനെ താരതമ്യേന പരിശോധിക്കുമ്പോൾ കത്തോലിക്കരുടെ സംഖ്യ തുലോമാകുന്നു എന്നുള്ളതു ഒരു യഥാർത്ഥ കത്തോലിക്കനു എത്രയോ ദുഃഖകരമായിരിക്കണം.

ആത്മാക്കളുടെ ശരിയായ വിലയെ നാം ഓർക്കുന്നില്ല. മനുഷ്യാത്മാവിന്റെ വില ദൈവകുമാരന്റെ തിരുരക്തത്തിന്റെ വില തന്നേ ആണെന്ന് അതിശയോക്തികൂടാതെ പറയാവുന്നതാണ്. വിശുദ്ധ ക്രിസ്സോസ്തോമോസു പറയുന്നു: "നമ്മുടെ ആത്മാവു എത്ര വലുതെ വിലയുള്ളതാണെന്നു നിങ്ങൾ അറിയുന്നുണ്ടോ? ദൈവപുത്രൻ അതിനെ വീണ്ടെടുക്കുന്നതിനായിട്ട് ലോകത്തേയോ മനുഷ്യനേയോ ദൂതിയേയോ സമുദ്രത്തേയോ അല്ല കൊടുത്തത്. പിന്നയോ വിലതീരാത്ത സ്വന്ത രക്തത്തെയാണ്. വിശുദ്ധ ബർണ്ണാദ് എഴുതുന്നു: "ലോകം മുഴുവനും ഒരു മനുഷ്യാത്മാവിനോളം വിലമതിക്കപ്പെടാവുന്നതല്ല. എന്തെന്നാൽ ദൈവം സ്വജീവനെ ബലി കഴിച്ചത് ലോകം

മുഴവനും വേണ്ടിയല്ല; പിന്നെയോ മനുഷ്യാത്മാവിനു വേണ്ടിയാണ്. മ
ഹാമിഷ്യനറിയായ ശവരിയാർ പുണ്യവാൻ, ഒരു ശിശുവിനെ ജ്ഞാനസ്നാ
നപ്പെടുത്തി സഭയിലേക്കയച്ചശേഷം ആനന്ദപരവശനായി പറഞ്ഞു:
"ഒരു ആത്മാവിനെ സഭയിൽ പ്രവേശിപ്പിക്കുവാൻ സാധിച്ചതു്, ഇൻ
ഡ്യയിൽ വളരെ നാളായി ചെയ്ത ക്ലേശദ്രുയിഷ്ടമായ പ്രയത്നങ്ങൾക്കു തക്ക
പ്രതിഫലമായി ഞാൻ പരിഗണിക്കുന്നു".

അന്മേനികളായ പ്രിയ മക്കളേ! വേദപ്രചരണം നടത്തേണ്ടതു പട്ടക്കാ
ർ തന്നേ. അതിനു സംശയമില്ല; എങ്കിലും നിങ്ങൾ ആ മുമതലയിൽനി
ന്നും ഒഴിവാക്കപ്പെട്ടിട്ടില്ല. വൈദികരെപ്പോലെ തന്നേ അന്മേനികളും അ
വരുടെ ജീവിതമുറയും സാഹചര്യങ്ങളും അനുവദിക്കുന്നവിധം വേദപ്രചര
ണാത്ഥം പരിശ്രമിക്കുവാൻ കടപ്പെട്ടവരാണ്. നമ്മുടെ അയൽക്കാരനു വല്ല
ഗുണവും ചെയ്യേണ്ടതുണ്ടെങ്കിൽ അതു് പ്രധാനമായി അയാളെ നിത്യദാഹ്യം
പ്രാപിപ്പാൻ സഹായിക്കയല്ലയോ? നാം അകത്തോലിക്കരോടു പല വിധ
ത്തിലും ഇടപെടുന്നുണ്ടു്. അവരുടെ സംഖ്യയും വലുതു തന്നേ; അതിനാൽ
അജ്ഞാനികളേയും അകത്തോലിക്കരേയും കൂടെക്കൂടെ സന്ദർശിച്ചു അവരുടെ
മനസ്സിനെ സത്യവേദ സ്വീകരണത്തിനൊരുക്കുക. അവരെ വേദരഹസ്യങ്ങ
ളെ പഠിപ്പിക്കുകയും മതവിഷയത്തെപ്പറ്റി അവരോടു പ്രസംഗിക്കുകയും ചെ
യ്യുക. എന്നാൽ സർവ്വപ്രധാനമായി നിങ്ങളുടെ സുകൃതജീവിതംകൊണ്ടും രണ്ടാമ
തായി പ്രാത്ഥനകൊണ്ടും മൂന്നാമതായി ധനംകൊണ്ടും നാലാമതായി സഭാപ്ര
യത്നംകൊണ്ടും വേദപ്രചരണം നടത്തുക.

എങ്കിലും ഈ മഹത്തായ ഉദ്യമത്തിനു് പ്രതിബന്ധമായി നില്ക്കുന്ന ചില
രും ഇല്ലാതില്ല. പറയർ പുലയർ മുതലായ ജാതിക്കാർ കത്തോലിക്കരായാ
ൽ പഴയതുപോലെ കൂലിവേലയ്ക്കു ഉപയോഗപ്പെടുകയില്ലെന്നാണ് ഇവരു
ടെ വാദം. ഇതു വാസ്തവ വിരുദ്ധമാണ്. സത്യമതാനുസാരികളായശേഷം
അവർ കൂടുതൽ വിശ്വസ്തതയോടും സത്യസന്ധതയോടും വേല ചെയ്യുമെന്നാ
ണ് ഇതേവരെയുള്ള അനുഭവത്തിൽ നിന്നും അനുമാനിക്കേണ്ടതു്. അല്ല, അ
വർ ക്രിസ്തുമതം സ്വീകരിക്കുന്നതുകൊണ്ടു നിങ്ങൾക്കു വല്ല കായ്യദോഷവും ഉ
ണ്ടെന്നു തന്നേ വിചാരിക്കുക. എന്നാൽ തന്നേയും അവരുടെ ശാരീരിക ജീ
വസന്ധാരണത്തിനുള്ള മുഴവനും ഉപയോഗപ്പെടുത്തിയശേഷം അവരുടെ അമൂല്യമായ ആ
ത്മീയ ജീവനെ നിത്യനരകാഗ്നിയിലേക്കു തള്ളിവിടുന്നതു ദയങ്കരമല്ലയോ?

അജ്ഞാനികളുടെ മാനസാന്തരത്തിനു് തടസ്സമായിത്തീരുന്ന വേറൊരു
സംഗതികൂടിയുണ്ടു്. അതു് ചില കത്തോലിക്കരുടെ ആക്ഷേപകരമായ ജീ
വിതരീതിയാകുന്നു. ദൈവപ്രമാണങ്ങളേയോ സഭയുടെ കല്പനകളേയോ
സദാചാരനിയമങ്ങളേയോ വകവയ്ക്കാതെ ഇവർ ജീവിതം കഴിച്ചുപോരു
ന്നു. നമ്മുടെ ചുറ്റും ജീവിച്ചുവരുന്ന അന്യമതക്കാർ നമ്മുടെ ഇടയിൽ നട
ന്നുവരുന്ന ഒരും ദുഷ്പ്രവൃത്തികളേക്കുറിച്ചു് അത്ഭുതപ്പെടുകയും ക്രിസ്തുമതം മനുഷ്യ
രെ സന്മാർഗ്ഗികളാക്കുവാൻ മതിയാകാത്തതാണെന്നു് തെറ്റിദ്ധരിച്ചുവരികയും
ചെയ്യുന്നു.

"എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ചകൊടുക്കുന്നവൻ കഴുത്തിൽ തിരികല്ലുകെട്ടി സമുദ്രത്തിന്റെ അടിയിലേയ്ക്ക് താഴ്ത്തപ്പെടുന്നതാണ് അധികം നല്ലത്" ; (മത്തായി 18:6. നൂ.) എന്നുള്ള നമ്മുടെ കർത്താവിന്റെ ഭയങ്കരവാക്കുകൾ, ദുർമ്മാർഗ്ഗജീവിതത്താൽ അജ്ഞാനികൾക്ക് ഇടർച്ചകൊടുക്കുകയും അവരുടെ മാനസാന്തരത്തിന് തടസ്സം വരുത്തുകയും ചെയ്യുന്ന കത്തോലിക്കർക്ക് പറയുന്നതാണെന്നു നാം ഓർക്കേണ്ടതാണ്.

പ്രിയമക്കളേ! വേദപ്രചരണം മഹോന്നതവും ദിവ്യവുമായ ഒരു വേലയാകുന്നു. അതു ദൈവകുമാരൻ നിവൃഹിച്ച വേലയുടെ തുടർച്ചയും പൂർത്തീകരണവുമാകുന്നു. ദൈവസൂതിയേ അതു വർദ്ധിപ്പിക്കുകയും സമസ്തസൃഷ്ടികൾക്കു നിത്യഭാഗ്യം നൽകുകയും ചെയ്യുന്നു. പരഗ്രണത്തെ ചെയ്യുന്നതോടുകൂടി അതു സ്വന്തഗ്രണത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ വേദപ്രമാണത്തെ നിങ്ങൾ വിലമതിപ്പിൻ. അതിൽ നിങ്ങളും മുമതലക്കാരാണെന്ന് അറിഞ്ഞുകൊണ്ട് അതിനു നിങ്ങൾ കഴിയുന്നവിധം പ്രയത്നിപ്പിൻ. ലൌകികമായ യാതൊരു കായ്വും നിങ്ങളെ തടയാതിരിക്കട്ടെ! നിങ്ങളുടെ അയൽവാസികളോ ആശ്രിതന്മാരോ ഭൃത്യന്മാരോ ആയ അകത്തോലിക്കരിൽ നിങ്ങൾക്കുള്ള സ്വാധീനശക്തി അവരെ സത്യവേദത്തിലേക്കു ആകർഷിക്കുന്നതിന് സഹായിക്കട്ടെ! വേദപ്രചരണത്തിൽ സഹകരിക്കുവാൻ നിങ്ങൾ മുമതലപ്പെട്ടവരായിരിക്കേ, ആ മുമതല നിവൃഹിക്കുവാൻ നിങ്ങൾക്ക് സൌകര്യവും സമയവും ഉണ്ടായിരിക്കെ, നിങ്ങളുടെ തടസ്സത്താലോ ഉപേക്ഷയാലോ, വല്ല ആത്മാവുകളും സത്യമതം അനുസരിക്കാതെ നിത്യനാശത്തിലും പ്പെട്ടാൽ ആ നാശത്തിന് നിങ്ങൾ ദൈവതിരുമുമ്പാകെ ഉത്തരവാദികളല്ലയോ ?

നിങ്ങൾ ഏകസ്വരത്തിൽ "നന്മനിറഞ്ഞ മറിയമേ" എന്നുള്ള ജപം ചൊല്ലുമ്പോൾ, ശ്ലീഹന്മാരുടെ രാജ്ഞിയായ പരിശുദ്ധ ദൈവമാതാവു് നിങ്ങളുടെ ആഗ്രഹം ദൈവസന്നിധിയിൽ ബോധിപ്പിക്കാതിരിക്കയില്ല. "മാതേമ്മാ ശ്ലീഹായേ! ശവയ്യാർ പുണ്യവാനേ! എന്ന് നിങ്ങൾ കൂട്ടമായി വിളിക്കുമ്പോൾ ഇന്ത്യയിലെ അപ്പോസ്തലന്മാരായ ആ വിശുദ്ധന്മാർ നിങ്ങളുടെ സ്വരം ശ്രദ്ധാപൂർവ്വം കേൾക്കുകയും അവർ തുടങ്ങിയ വേല തുടരുന്നതിനുള്ള നിങ്ങളുടെ ശ്രമങ്ങൾ ഫലപ്രദങ്ങളാവാൻ ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്യും : നിങ്ങളുടെ സുകൃതങ്ങളായ പ്രവൃത്തികൾക്ക് ദൈവം ഇഹത്തിലും പരത്തിലും അളവില്ലാത്ത സമ്മാനം നല്കുകയും ചെയ്യുന്നതാണ്.

(കണ്ടത്തിൽ മാർ ആഗസ്തീനോസുമെത്രാൻ തിരുമനസ്സുകൊണ്ട്)

പരിശിഷ്ടം (6)

(ജീവിതമാതൃക)

ദൈവികമഹത്വത്തിനും ആത്മാവുകളുടെ മാനസാന്തരത്തിനും വേണ്ടി വിശുദ്ധശുവരിയാർ പ്രവർത്തിച്ചിട്ടുള്ള അസംഖ്യം മഹൽക്കായ്വുകളുടെ എത്ര

യും തുലരമായ ഒരു സംഗ്രഹം മാത്രമേ ഈ കൃതിയിൽ ചേർത്തിട്ടുള്ളൂ: ദിവ്യങ്ങളും അനേകങ്ങളുമായ കൃതികൾ വിശുദ്ധന്റെ ജീവചരിത്രത്തെ പുരസ്കരിച്ച് രചിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും അവയിലൊന്നിലും അദ്ദേഹത്തിന്റെ പ്രവൃത്തികൾക്ക് പ്രാധാന്യം നല്കിയിട്ടില്ല. ഇൻഡ്യായുടെ ഈ പ്രേഷിതനേ ബഹുമാനിക്കണമെന്നുദ്ദേശിക്കുന്നവർ വിശുദ്ധ ആഗസ്തീനോസിന്റെ വാക്യങ്ങളെ അനുസ്മരിക്കേണ്ടതാണ്.

"ബഹുമാനിക്കുവാൻ നിശ്ചയിക്കുന്നവൻ അനുകരിക്കുവാൻ വൈമനസ്യം കാണിച്ചുകൂടാ." വിശുദ്ധനേ ബഹുമാനിക്കുവാൻ ആഗ്രഹിക്കുന്നവരുടെ പ്രയോജനത്തിനുവേണ്ടി ഏതാനും ഉപദേശങ്ങളെ ചുവടെ ചേർക്കുന്നു.

(1) കുരിശേൽ തൂങ്ങിമരിച്ച കർത്താവിനോടും പരിശുദ്ധ ദേവമാതാവിനോടും വലിയ ഭക്തി പ്രദർശിപ്പിക്കുക.

(2) ഇൻഡ്യായേ അധിവസിക്കുന്ന 80 ലക്ഷം ജനങ്ങളുടെ മാനസാന്തരത്തിനും ഭാരതീയവൈദികരുടെ അഭിവൃദ്ധിക്കുംവേണ്ടി പ്രാർത്ഥിക്കുക.

(3) ശുദ്ധീകരണസ്ഥലത്തിലേ ആത്മാവുകൾക്കും ചാവദോഷത്തിൽ ജീവിക്കുന്നവർക്കുംവേണ്ടി പ്രാർത്ഥിക്കുക.

(4) ശുദ്ധിയേയും പ്രായശ്ചിത്തത്തേയും സ്നേഹിക്കുക.

(5) യഥാശക്തി പരന്മാരേ സഹായിക്കുക.

(a) അജ്ഞന്മാരേയും ബാലജനങ്ങളേയും വേദപാഠം പഠിപ്പിക്കുക. എല്ലാവർക്കും സന്മാതൃകയായി ജീവിക്കുക; അജ്ഞാനികൾ സത്യമതം കണ്ടെത്തുന്നതിനുവേണ്ടി പ്രാർത്ഥിക്കുക.

(b) ദീനക്കാരെ ആശ്വസിപ്പിക്കുന്നതിലും ദാരിദ്ര്യദുഃഖമനുഭവിക്കുന്ന പുതുക്രിസ്ത്യാനികൾക്കു ദാനവും മറ്റും കൊടുത്ത് അവരെ സഹായിക്കുന്നതിലും ഉത്സാഹിയായിരിക്കുക.

(6) കൂടെക്കൂടെ കുമ്പസാരിക്കയും കുർബ്ബാന കൈക്കൊള്ളുകയും ചെയ്യുക.

(7) ദിവസേന ആത്മശോധന ചെയ്യുക.

(8) "ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ ഫലമെന്തു?" (മത്തായി 16. 26) എന്ന വാക്യം കൂടെക്കൂടെ ഓർക്കുക.

(9) നിന്നെ ഉപദ്രവിക്കയോ നിനക്കു അനിഷ്ടമായി പ്രവർത്തിക്കുകയോ ചെയ്യുന്നവനോടു നന്മചെയ്യുന്നതിനുത്സാഹിക്കുക.

(10) ശത്രുക്കൾ പുണ്യവാനോടുള്ള മാധ്യസ്ഥ്യം പ്രചരിപ്പിക്കുന്നതിനുത്സാഹിക്കുക.

(ശുഭം.)

WORKS BY Fr. C. K. MATTAM.

I. JESUS CHRIST OR IS CHRIST A MYTH?

Price as. 5.

"..... Fr. Mattam is one of the few Christian writers who has established a name in the world of Malayalam literature. It was when he held the post of Pandit that he took up the challenge of Thakhur Khan Chandra Varma of Lahore and wrote a refutation of this Rationalist's book — Christ a Myth? We have no hesitation in joining our English and Malayalam contemporaries who have declared Fr. Mattam's work a decided success."

"THE MALABAR ADVOCATE"

Trivandrum,

20th Aug. 1921.

II. THE LIFE AND TIMES OF FREDERIC OZANAM

(First Edition, 1000 copies only) Price as. 7.

III. THE SUPREME SACRIFICE

(Third Edition, now ready. 2000 copies only) Price as. 4.

IV. THE YOGI OF NAZARETH

(Second Edition, in the Press) Price as. 4.

V. THE ORIGIN OF MAN

(Third Edition) Price as. 4.

VI. THE PRISON-FRIENDS

(Just out. 1000 copies only.) 50 pp. Price as. 2.

VII. THE PICTORIAL LIFE OF ST. FRANCIS XAVIER

(2000 copies only. Price As. 5.)

(Episcopal approbation)

Bishop's House

My dear Fr. Cyriacus,

With great pleasure I have been watching your labours for the Propagation of the Faith by means of the Apostolate of the Press. The books and pamphlets you have recently published are calculated to do great help in spreading our Holy Religion in these parts.

Further, I have great pleasure to observe that as the Manager of the St. Thomas Publishing Society, your activities in this line will be greater and your scope wider. May God bless your work. May St. Thomas protect you and you have my hearty support and blessing.

(Signed

+ THOMAS KURIALACHERRY

Bishop, Vicar Apostolic of Changanacherry.

Changanacherry,
3rd July 1921.

To

The Rev. Cyriacus Mattam.

Apply to

The Manager,
S. T. P. Society,
Koravilangad,
Travancore.—India.

1
e 47